www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാസഭ

തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 26 2022 മെയ്-ജൂൺ ലക്കം 5, 6



www.malankaralibrary.com



ഡൽഹി – ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ
അദ്ധ്യക്ഷനായി നിയമിതനായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ്
മെത്രാപ്പോലിത്തായ്ക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ

## നിയുക്ത മെത്രാന്മാർക്ക് പ്രാർത്ഥനാമംഗളങ്ങൾ



**മോൺ. ഡോ. ആന്റണി കാക്കനാട്ട്**
മേജർ ആർക്കി എപ്പിസ്കോപ്പൽ
കൂരിയായുടെ നിയുക്ത മെത്രാൻ



**മോൺ ഡോ. മാത്യു മനക്കരക്കാവിൽ**
തിരുവനന്തപുരം മേജർ അതിഭദ്രാസന
നിയുക്ത സഹായ മെത്രാൻ

www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

To Unite In Love

വാല്യം 27 | 2022 മെയ് - ജൂൺ | ലക്കം 5-6

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ
അംഗീകാരത്താലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസും**
**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ**
**ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ നിന്നും**
നമ്മുടെ അധികാരത്തിൻകീഴിലുള്ള കോർഎപ്പിസ്ക്കോപ്പാമാർക്കും
റമ്പാന്മാർക്കും ബഹു. വൈദികർക്കും ശെമ്മാശ്ശഗണത്തിനും
സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2022 &
Prot. No. PL TVM 1/2022

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ**
**ത്രീയേക ദൈവത്തിനു സ്തുതി.**

## ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന് പുതിയ അദ്ധ്യക്ഷൻ
## അഭിനവ മെത്രാന്മാരുടെ നിയമനം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

ഭാരതഭൂമിയിൽ മാർത്തോമ്മാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്താൽ രൂപംകൊണ്ട മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അപ്പസ്തോലിക സഭ വിവിധ സഭാ കൂട്ടായ്മകളിലായി, കത്തോലിക്കാ സഭയിലും ഓർത്തഡോക്സ് സഭകളിലുമായി ഇന്ന് വ്യാപിച്ചുകിടക്കുന്നു. 1930-ൽ മലങ്കര സഭയിൽ നിന്ന് കത്തോലിക്കാ തിരുസഭയുടെ കൂട്ടായ്മയിലേക്ക് ഭാഗ്യസ്മരണാർഹനും പുണ്യശ്ലോകനുമായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ പ്രാർത്ഥനാപൂർവ്വമായ തീരുമാനത്തിൽ പൂർണ്ണ

www.malankaralibrary.com

വിശുദ്ധ കുർബാന സംസർഗ്ഗത്തിലേക്ക് പ്രവേശിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ നവതിയാഘോഷത്തിന്റെ നിറവിലായിരിക്കുമ്പോൾ, പരമ കാരുണ്യവാനായ ദൈവം ഈ സഭയ്ക്ക് കാലാകാലങ്ങളിൽ നൽകിക്കൊണ്ടിരിക്കുന്ന വലിയ സംരക്ഷണവും വാത്സല്യവും കൃതജ്ഞതയോടെ ഓർക്കാം. തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി വളർന്ന് പ്രവർത്തിച്ച് സമൂഹമദ്ധ്യത്തിൽ വിനയാന്വിതയായി ശുശ്രൂഷചെയ്യുന്ന ഈ പൗരസ്ത്യ കത്തോലിക്കാ സഭ ഭാരത സംസ്കാരത്തോട് ചേർന്ന് പൗരസ്ത്യ സഭയുടെ ആരാധനാ പൈതൃകങ്ങൾ സ്വാംശീകരിച്ചും പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസത്തിൽ അധിഷ്ഠിതമായും 91-ാം വർഷത്തിലേക്ക് ഹൈരാർക്കി എന്ന നിലയിൽ പ്രവേശിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ ഹൈരാർക്കി സംവിധാനത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനവും തിരുവല്ല അതിഭദ്രാസനവും സ്ഥാപിതമായിട്ട് 90 വർഷം പൂർത്തിയാകുന്നു.

നമ്മുടെ ഭദ്രാസനങ്ങൾ വിവിധ പ്രദേശങ്ങളുടെ ആവശ്യങ്ങൾ മുൻനിർത്തി രൂപീകരിക്കപ്പെടുകയും കർത്താവിന്റെ ഹൃദയത്തിന് ഇണങ്ങിയ ഇടയന്മാരെ അവിടുന്ന് നമുക്ക് നൽകുകയും ചെയ്തു. ഇപ്പോൾ നമ്മുടെ സഭയുടെ അനുഗ്രഹങ്ങൾ വർദ്ധമാനമാക്കുന്നതിനും നമ്മുടെ സഭയെ കൂടുതൽ കാലോചിതമാക്കുന്നതിനും സുവിശേഷാധിഷ്ഠിതമാക്കുന്നതിനും ദൈവാനുഗ്രഹത്താൽ പുതിയ ഇടയന്മാരെ നമുക്ക് ലഭിച്ചിരിക്കുന്നു.

2022 മെയ് 7-ന് ഉച്ചകഴിഞ്ഞ് 3.30-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരുടെയും ബഹു. വൈദികരുടെയും സമർപ്പിതരുടെയും അത്മായ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ അംഗീകാരത്തോടെ നമ്മുടെ സഭയിലെ പുതിയ കാനോനിക സംവിധാനങ്ങളെക്കുറിച്ചും നിയമനങ്ങളെക്കുറിച്ചും ഞാൻ ഔദ്യോഗികമായി അറിയിച്ചത് നിങ്ങളേവരെയും ഈ കൽപനവഴി അറിയിക്കട്ടെ.

1. ഇപ്പോൾ സെന്റ് എഫ്രേം പൂനാ-കട്കി ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി ശുശ്രൂഷിച്ചുവരുന്ന അഭിവന്ദ്യ തോമസ് മാർ

www.malankaralibrary.com

അന്തോണിയോസ് മെത്രാപ്പോലീത്തായെ സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗുവ് ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി നിയമിച്ചിരിക്കുന്നു. പൂന-കട്കി ഭദ്രാസനത്തിൽ പുതിയ ഭദ്രാസനാദ്ധ്യക്ഷൻ നിയമിതനാകുന്നതുവരെ പൂന-കട്കി സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ മേജർ ആർക്കി എപ്പിസ്കോപ്പൽ അഡ്മിനിസ്ട്രേറ്ററായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ ഞാൻ നിയമിച്ചിരിക്കുന്നു. 2015-ൽ പൂനാ-കട്കി എക്സാർക്കായി നിയമിക്കപ്പെട്ട അഭിവന്ദ്യ പിതാവ് 2019-ൽ പൂനാ-കട്കി എക്സാർക്കേറ്റിനെ ഒരു ഭദ്രാസനമായി ഉയർത്തിയപ്പോൾ അതിന്റെ പ്രഥമ അധ്യക്ഷനായി നിയമിക്കപ്പെട്ടു. കഴിഞ്ഞ 7 വർഷമായി സെന്റ് എഫ്രേം പൂനാ-കട്കി ഭദ്രാസനാധ്യക്ഷനായി ചുമതലവഹിച്ചു വരികയായിരുന്നു.

2. സുവിശേഷസംഘത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്ന വന്ദ്യ മോൺ. ഡോ. ആന്റണി കാക്കനാട്ടിനെ നമ്മുടെ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പുതിയ മെത്രാനായി നിയമിച്ചിരിക്കുന്നു. തിരുവല്ല അതിഭദ്രാസനത്തിലെ കടമാൻകുളം ഇടവകയിൽ കാക്കനാട്ട് കെ. വർഗീസിന്റെയും സാറാമ്മ വർഗീസിന്റെയും മകനായി 1961-ൽ ജനിച്ചു. ഹൈസ്കൂൾ പഠനശേഷം തിരുവല്ല ഇൻഫന്റ് ജീസസ് മൈനർ സെമിനാരിയിൽ ചേർന്നു. കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നു തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പഠനം പൂർത്തിയാക്കി. 1987 ഡിസംബർ 30-ന് വൈദികപട്ടം സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ സലേഷ്യൻ സർവ്വകലാശാലയിൽനിന്നു ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടി. തിരുവല്ല അതിഭദ്രാസന വികാരി ജനറാൾ, ചാൻസിലർ, മതബോധന ഡയറക്ടർ, സെന്റ് മേരീസ് മലങ്കര സെമിനാരി പ്രൊഫസർ തുടങ്ങിയ നിലകളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

3. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായി വന്ദ്യ മോൺ. ഡോ. മാത്യു മനക്കരക്കാവിലിനെ നിയമിച്ചിരിക്കുന്നു. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോർ എപ്പിസ്കോപ്പ മാവേലിക്കര ഭദ്രാസനത്തിലെ പുത്തൂരിൽ 1955-ൽ

www.malankaralibrary.com

ജനിച്ചു. കെ. ഗീവർഗ്ഗീസ്, കുഞ്ഞമ്മ എന്നിവരാണ് മാതാപിതാക്കൾ. സെന്റ് അലോഷ്യസ് മൈനർ സെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി. 1983 ഡിസംബർ 18-ന് വൈദിക പട്ടം സ്വീകരിച്ചു. ചെന്നൈ ലെയോള കോളേജിൽനിന്നും ബിരുദവും, പാരീസിലെ കത്തോലിക്കാ സർവ്വകലാശാലയിൽ നിന്ന് ഫ്രഞ്ച് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും തിരുനെൽവേലി എം.എസ്. യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും നേടി. തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ, പി.എസ്സി. ഇന്റർവ്യൂബോർഡ് അംഗം, കേരള സർവ്വകലാശാല ഫ്രഞ്ച്, ലത്തീൻ ഭാഷാപഠന ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, കേരള സർവ്വകലാശാല അക്കാദമിക് കൗൺസിൽ അംഗം എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന മുഖ്യവികാരി ജനറാളും മലങ്കര കാത്തലിക് കോളേജുകളുടെ കറസ്പോണ്ടന്റായും പ്രവർത്തിച്ചു വരികയായിരുന്നു.

ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷന്റെ സ്ഥാനാരോഹണം 2022 ജൂൺ 30-ാം തീയതി ശനിയാഴ്ച നേബ്സറായി സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങളുടെ അറിയിപ്പ് യഥാസമയം ഏവർക്കും ഭദ്രാസന കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതാണ്.

നിയുക്ത മെത്രാന്മാരായ മോൺ. ആന്റണി കാക്കനാട്ട് അച്ചന്റെ റമ്പാൻ പട്ടം 2022 ജൂൺ 18 ശനിയാഴ്ച തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ചും മോൺ. മാത്യു മനക്കരക്കാവിൽ അച്ചന്റെ റമ്പാൻ പട്ടം 2022 ജൂൺ 21-ന് മാവേലിക്കര ഭദ്രാസനത്തിലെ പുത്തൂർ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചും നടത്തപ്പെടുന്നതാണ്. നിയുക്ത മെത്രാന്മാരുടെ മെത്രാഭിഷേകം നമ്മുടെ പുണ്യപിതാവ് ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 69-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് 2022 ജൂലൈ 15-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നതാണ്. നമ്മുടെ സഭയിലെയും സീറോ-മലബാർ, ലത്തീൻ കത്തോലിക്കാ സഭകളിലെയും പിതാക്കന്മാരും സഹോദരീസഭ

www.malankaralibrary.com

കളിലെ മെത്രാപ്പോലീത്താമാരും നമ്മുടെ സഭാംഗങ്ങളോടൊപ്പം വിശുദ്ധ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതാണ്.

അപ്പസ്തോലികമായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഹൈരാർക്കി സ്ഥാപനം മുതൽ ഈ നിമിഷം വരെയും റോമിലെ തിരുസിംഹാസനം നമ്മോടു കാട്ടുന്ന കരുതലിനും സംരക്ഷണത്തിനും പ്രോത്സാഹനത്തിനും സാർവ്വത്രിക സഭയുടെ തലവനും പിതാവുമായ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ തിരുമനസ്സിനും പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ട് അത്യുന്നത കർദ്ദിനാൾ ലെയനാർഡോ സാൻന്ദ്രി പിതാവിനും ഇന്ത്യയിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചുബിഷപ്പ് ലെയോപോൾഡോ ജിറല്ലി തിരുമേനിക്കും മലങ്കര സഭയുടെ ഹൃദയം നിറഞ്ഞ കൃതജ്ഞത സമർപ്പിക്കുന്നു. നമ്മുടെ പരിശുദ്ധ സുന്നഹദോസിലെ അഭിവന്ദ്യ പിതാക്കന്മാരുടെ ഏറ്റം ഹൃദ്യമായ പരസ്പര സഹകരണവും സഭാപരമായ ദീർഘവീക്ഷണവും ഓരോ പ്രദേശത്തെയും കരുതുന്ന അജപാലന ഔത്സുക്യവും സഭാദ്ധ്യക്ഷനോട് പ്രകടിപ്പിക്കുന്ന ആത്മബന്ധവും എല്ലാം ഏറെ സന്തോഷത്തോടെയും സ്നേഹത്തോടെയും ഞാൻ ഓർക്കുന്നു, നന്ദി അർപ്പിക്കുന്നു. സഭയുടെ കെട്ടുപണിയിൽ ശ്രദ്ധയോടെ ഉൾച്ചേർന്നിരിക്കുന്ന നമ്മുടെ ഭദ്രാസന വൈദികരെയും പ്രാർത്ഥനാപൂർവ്വം പങ്കുചേരുന്ന സമർപ്പിതരെയും സ്നേഹത്തോടെ ഓർക്കുന്നു. നമ്മുടെ അൽമായ പ്രേക്ഷകരുടെ സ്നേഹബന്ധവും സഹകരണവും എക്കാലവും നമുക്ക് ബലംപകരുന്നതാണ്. പൊതുസമൂഹത്തിന്റെ നമ്മോടുള്ള ഊഷ്മളമായ ബന്ധം ഈ സന്ദർഭത്തിൽ ഹൃദയപൂർവ്വം ഞാൻ അനുസ്മരിക്കുന്നു.

സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനത്തെ കരുതലോടെ വളർച്ചയുടെ പാതയിൽ നയിച്ച ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ അജപാലന ശുശ്രൂഷകളെ ദൈവസന്നിധിയിൽ നന്ദിയോടെ സ്മരിക്കുന്നു. ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് പിതാവിന്റെ മാധ്യസ്ഥം സഹായിക്കട്ടെ.

ഏഴ് വർഷക്കാലം പൂനാ- കട്കി സെന്റ് എഫ്രേം ഭദ്രാസനത്തെ പടുത്തുയർത്തുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന അഭിവന്ദ്യ മാർ

www.malankaralibrary.com

അന്തോണിയോസ് തിരുമേനി നൽകിയ ഇടയശുശ്രൂഷയ്ക്ക് സഭയുടെ അകമഴിഞ്ഞ കടപ്പാടും സ്നേഹവും വന്ദ്യ പിതാവിനെ അറിയിക്കുന്നു. വന്ദ്യ പിതാവിനോടൊപ്പം ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് സഹായമായി പ്രവർത്തിച്ച ബഹു. വൈദികർക്കും സന്യസ്ഥർക്കും വിശിഷ്യാ ദൈവജനത്തിനും അഭിനന്ദനങ്ങൾ നേരുന്നു.

ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുന്ന അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിക്കും സഭയിലെ പുതിയ ഇടയന്മാർക്കും നമ്മുടെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. മെത്രാഭിഷേകത്തിലും സ്ഥാനാരോഹണ ശുശ്രൂഷയിലും കഴിയുന്നത്ര സഭാംഗങ്ങൾ വന്ന് സംബന്ധിക്കണമെന്നും പുതിയ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും താല്പര്യപ്പെടുന്നു.

## മെത്രാഭിഷേക ഒരുക്കങ്ങൾ

നമ്മുടെ സഭയിൽ പുതുതായി നിയമിതരായിരിക്കുന്ന വന്ദ്യ പിതാക്കന്മാരുടെ മെത്രാഭിഷേകത്തിന് ഒരുക്കമായി മേജർ അതിഭദ്രാസന വികാരി ജനറാൾ വന്ദ്യ മോൺ. ഡോ. വർക്കി ആറ്റുപുറത്ത് ജനറൽ കൺവീനറായും മേജർ അതിഭദ്രാസനത്തിന്റെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. (റിട്ട.) സെക്രട്ടറിയായും വിവിധ കമ്മിറ്റികൾ നിലവിൽ വന്നു.

പ്രാഥമിക ആലോചനായോഗം മേജർ അതിഭദ്രാസനാദ്ധ്യക്ഷന്റെ അധ്യക്ഷതയിൽ 2022 മെയ് 10-ന് മേജർ ആർച്ചുബിഷപ്സ് ഹൗസിൽ വച്ച് നടന്നു. 2022 ജൂലൈ 15-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടക്കുന്ന മെത്രാഭിഷേക കർമ്മത്തിന് ഒരുക്കമായി വിവിധ കമ്മിറ്റികൾ-മെത്രാഭിഷേക ഒരുക്ക പ്രാർത്ഥനായജ്ഞം, ഇൻവിറ്റേഷൻ, റിസപ്ഷൻ, ആരാധന, സീറ്റിംഗ് & ഒരുക്കങ്ങൾ, ഉച്ചഭക്ഷണം, താമസക്രമീകരണം, വാഹനപാർക്കിംഗ്, പബ്ലിസിറ്റി, ലൈറ്റ് & സൗണ്ട്, മെഡിക്കൽ സഹായം തുടങ്ങി വിവിധ കമ്മിറ്റികൾ ബഹു. വൈദികരുടെയും അൽമായരുടെയും സമർപ്പിതരുടെയും ഉത്തരവാദിത്വത്തിൽ - പ്രവർത്തനം ആരംഭിച്ചു.

മേജർ അതിഭദ്രാസനത്തിന്റെ ആതിഥേയത്തിൽ നടക്കുന്ന ഈ അനുഗ്രഹീത കർമ്മത്തിന് മേജർ അതിഭദ്രാസനാംഗങ്ങളുടെ നിർലോഭമായ സഹകരണം ഉണ്ടാവുമല്ലോ. ക്രമീകരണങ്ങൾ സംബ

www.malankaralibrary.com

ന്ധിച്ച കൂടുതൽ വിവരങ്ങൾ യഥാസമയം ഏവരെയും അറിയിക്കുന്നതാണ്. മെത്രാഭിഷേക കർമ്മത്തിനും പുതിയ പിതാക്കന്മാരുടെ ഇടയശുശ്രൂഷയ്ക്കും പ്രാർത്ഥനാപൂർവ്വം നമുക്ക് ഒരുങ്ങാം. ഇനിയുള്ള ദിവസങ്ങളിൽ വി. കുർബാനയിലും സന്ധ്യാനമസ്കാരത്തിലും ഈ നിയോഗം പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കണം.

**2022 ജൂലൈ 15**

**(ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 69-ാം ഓർമ്മപ്പെരുന്നാൾ)**

| | | | |
|---|---|---|---|
| **രാവിലെ** | 7.30 | : | **പ്രഭാതനമസ്കാരം** |
| | 8.00 | : | **വി. കുർബാന** |
| | | : | **മെത്രാഭിഷേകം** |
| | | : | **സ്നേഹവിരുന്ന്** |

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും അപ്പോസ്തോല സമൂഹത്തിന്റെയും വിശിഷ്യാ നമ്മുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും മേജർ അതിഭദ്രാസനത്തിന്റെ പ്രത്യേക മധ്യസ്ഥൻ വി. പത്രോസ് ശ്ലീഹായുടെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

കാതോലിക്കേറ്റ് സെന്റർ/തിരുസന്നിധി
പട്ടം, തിരുവനന്തപുരം
11-05-2022

---

*N.B: 1. ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

www.malankaralibrary.com

# സഭാ വാർത്തകൾ

## മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പുതിയ രണ്ട് മെത്രാന്മാർ, ഗുഡ്ഗാവ് ഭദ്രാസനത്തിന് പുതിയ അധ്യക്ഷൻ

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ഡൽഹിയിലെ ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ പുതിയ മെത്രാപ്പോലിത്തയായി പൂനെയിലെ കട്കി-സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായി സേവനമനുഷ്ഠിച്ചു വരികയായിരുന്ന അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അപേക്ഷയിൻപ്രകാരം പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. പുതിയ കാനോനിക നിയമനം ഉണ്ടാകുംവരെ പൂനാ-കട്ക്കി സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ മേജർ ആർക്കി എപ്പിസ്കോപ്പൽ അഡ്മിനിസ്ട്രേറ്ററായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായെ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി നിയമിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ മെത്രാനായി പെരിയ ബഹു. ഡോ. ആന്റണി കാക്കനാട്ടച്ചനെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയമിച്ചു. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ സഭാതല സുവിശേഷ സംഘത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ശുശ്രൂഷ നിർവഹിച്ചു വരികയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായി മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പായെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയമിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറാലായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു അദ്ദേഹം.

www.malankaralibrary.com

ഇതുസംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം മെയ് 7-ാം തീയതി വത്തിക്കാനിലും ഇന്ത്യൻ സമയം വൈകിട്ട് 3:30 ന് പട്ടം സെൻ്റ് മേരീസ് കത്തീഡ്രലിലും നടന്നു. നിയുക്ത മെത്രാന്മാരെ മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയും മറ്റ് മെത്രാപ്പോലിത്താമാരും ചേർന്ന് സ്ഥാനിക ചിഹ്നങ്ങൾ അണിയിച്ചു. പരിശുദ്ധ സുന്നഹദോസ് സെക്രട്ടറിയും തിരുവല്ല ആർച്ച് ബിഷപ്പുമായ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായാണ് നിയമന കൽപ്പന വായിച്ചത്. മാർത്താണ്ഡം ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ വിൻസെൻ്റ് മാർ പൗലോസ് മെത്രാപ്പോലീത്താ, പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ, പത്തനംതിട്ട ഭദ്രാസനം മുൻ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ എന്നിവർ പ്രഖ്യാപന വേളയിൽ സന്നിഹിതരായിരുന്നു. അനേകം വൈദികരും, സിസ്റ്റേഴ്സും, അല്മായരും പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. ജൂൺ മാസം 30-ന് അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം ഗുഡ്ഗാവ് ഭദ്രാസനത്തിൽ നടക്കും. ജൂലൈ മാസം 15ന് പുതിയ മെത്രാൻമാരുടെ മെത്രാഭിഷേകം തിരുവനന്തപുരം പട്ടം സെൻ്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെടുന്നതാണ്.

## അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ അടൂരിൽ 1955 നവംബർ 25-ന് വലിയവിളയിൽ ശ്രീ. ചാക്കോ കോശിയുടെയും ശ്രീമതി കുഞ്ഞമ്മയുടെയും മകനായി ജനിച്ചു. 1971-ൽ ബഥനി ആശ്രമത്തിൽ സന്യാസവൈദിക പരിശീലനത്തിനായി പ്രവേശിച്ചു. പൂനാ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി 1980 ഡിസംബർ 9-ന് പൗരോഹിത്യ പട്ടം സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ ഓറിയൻ്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനോൻ നിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ബഥനി

www.malankaralibrary.com

സന്യാസ പരിശീലന ശുശ്രൂഷയിൽ റെക്ടറായും, ബഥനി വേദ വിജ്ഞാനപീഠത്തിന്റെ ഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദൈവദാസൻ മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ മേജർ അതിഭദ്രാസനതല നാമകരണ നടപടികളുടെ പോസ്റ്റുലേറ്ററായും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർക്കിഎപ്പി സ്കോപ്പൽ കൂരിയായുടെ ചാൻസിലറായും ശുശ്രുഷചെയ്തു വരവേ 2010 മാർച്ച് 13-ന് കൂരിയ മെത്രാനായി അഭിഷേകം ചെയ്യ പ്പെട്ടു. 2015-ൽ പുതുതായി രൂപീകൃതമായ പൂനാ-കഡ്കി സെന്റ് എഫ്രേം എക്സാർക്കേറ്റിന്റെ മെത്രാനായി നിയമിക്കപ്പെട്ടു. 2019 നവംബർ 23-ന് എക്സാർക്കേറ്റിനെ ഭദ്രാസനമായി ഉയർത്തിയ പ്പോൾ അതിന്റെ പ്രഥമ ഇടയനായി അവരോധിക്കപ്പെട്ടു. കഴിഞ്ഞ 7 വർഷങ്ങളായി സെന്റ് എഫ്രേം പൂനാ-കഡ്കി ഭദ്രാസനത്തിന്റെ അമരക്കാരനായി ശുശ്രുഷ ചെയ്യുന്നു. ഡൽഹി, ഗുഡ്ഗാവ്-സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ അധ്യക്ഷനായിട്ടാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ അദ്ദേഹത്തെ പുതുതായി നിയമിച്ചിരിയ്ക്കുന്നത്

## മോൺ. ഡോ. ആന്റണി കാക്കനാട്ട്

തിരുവല്ല അതിഭദ്രാസനത്തിൽ കടമാൻകുളം ഇടവകയിൽ കാക്കനാട്ട് കെ. വർഗീസിന്റെയും സാറാമ്മ വർഗീസിന്റെയും മകനായി 1961-ൽ ജനിച്ചു. ഹൈസ്കൂൾ പഠനത്തിനുശേഷം തിരുവല്ല ഇൻഫെന്റ് ജീസസ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു. കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര ത്തിലും ദൈവശാസ്ത്രത്തിലും പഠനം പൂർത്തിയാക്കി 1987 ഡിസംബർ 30-ന് വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന് റോമിലെ പൊന്തിഫിക്കൽ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. തിരുവല്ല അതിഭദ്രാസനത്തിന്റെ വികാരി ജനറാളായും, ചാൻസിലറായും, മതബോധന ഡയറക്ടറായും, സഭയുടെ മതബോധന ഗ്രന്ഥം തയാറാക്കുന്ന കമ്മിഷന്റെ മുഖ്യ ചുമതലക്കാരനായും, സെന്റ് മേരിസ് മലങ്കര മേജർ സെമിനാരി പ്രൊഫസറായും, വിവിധ ഇടവക കളുടെ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുള്ള അച്ചൻ ഇപ്പോൾ മലങ്കര സഭയുടെ ആസ്ഥാന കാര്യാലയമായ കാതോലിക്കേറ്റ്

www.malankaralibrary.com

സെന്ററിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സഭാതല സുവിശേഷ സംഘത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നു. ബഹുഭാഷാ പണ്ഡിതനായ ബഹു. അച്ചൻ ഏഴോളം ഗ്രന്ഥങ്ങളുടെ രചയിതാവുമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ മെത്രാനായിട്ടാണ് അദ്ദേഹം നിയമിതനായിരിക്കുന്നത്.

## മോൺ. ഡോ. മാത്യു മനക്കരക്കാവിൽ

മാവേലിക്കര ഭദ്രാസനത്തിൽ പുത്തൂർ ഇടവകയിൽ 1955-ൽ മനക്കരക്കാവിൽ ശ്രീ. കെ. ഗീവർഗീസിന്റെയും ശ്രീമതി കുഞ്ഞമ്മയുടെയും മകനായി ജനിച്ചു. സ്കൂൾ പഠനത്തിനുശേഷം വൈദിക പരിശീലനത്തിനായി സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു. തുടർന്ന് കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പഠനം പൂർത്തിയാക്കി 1983 ഡിസംബർ 18-ന് വൈദിക പട്ടം സ്വീകരിച്ചു. ചെന്നൈ ലയോള കോളേജിൽ നിന്ന് ബിരുദവും, മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും, പാരിസിലെ കത്തോലിക്കാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫ്രഞ്ച് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും, തിരുനൽവേലി എം. എസ്. യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കി. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിന്റെ പ്രിൻസിപ്പൽ, കേരള പബ്ലിക് സർവീസ് കമ്മീഷൻ ഇന്റർവ്യൂ ബോർഡ് അംഗം, കേരള യൂണിവേഴ്സിറ്റിയിലെ ഫ്രഞ്ച്, ലത്തീൻ ഭാഷാപഠനത്തിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, കേരള യൂണിവേഴ്സിറ്റിയിലെ അക്കാഡമിക് കൗൺസിൽ അംഗം, എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മുപ്പത്തിയഞ്ചോളം ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറാളായും, അൺഎയ്ഡഡ് സ്കൂളുകളുടെ ഡയറക്ടർ ആയും, എം. എസ്. സി. കോളേജുകളുടെ കറസ്പോണ്ടന്റായും, ശുശ്രൂഷ നിർവഹിക്കുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായാണ് അദ്ദേഹം നിയമിതനായിരിക്കുന്നത്.

www.malankaralibrary.com



## ബഥനി സന്യാസിനി സമൂഹം തിരുവനന്തപുരം പ്രൊവിൻസിൽ പുതിയ പ്രൊവിൻഷ്യൽ ടീം ചുമതലയേറ്റു

ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം, തിരുവനന്തപുരം പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി വെരി. റവ. മദർ സാന്ദ്ര തിരഞ്ഞെടുക്കപ്പെട്ടു. പ്രൊവിൻഷ്യൽ കൗൺസിലേർസ് ആയി യഥാക്രമം റവ. സി. കീർത്തന, റവ. സി.മഹിമ, റവ. സി. ഉദയ, റവ. സി. സൗമിനി എന്നിവരും പ്രൊവിൻഷ്യൽ പ്രൊക്യൂറേറ്റർ ആയി റവ. സി. സുദീപയും തെരഞ്ഞെടുക്കപ്പെട്ടു. റവ. സി. മഹിമ പ്രൊവിൻഷ്യൽ സെക്രട്ടറിയുടെ ചുമതലകൂടി വഹിക്കുന്നതാണ്.

## വൈദിക വസ്ത്രം സ്വീകരിച്ചു

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി 4 വൈദിക വിദ്യാർത്ഥികൾ ഏപ്രിൽ 27 രാവിലെ 6.30ന് തിരുസന്നിധി സെന്റ് ബേസിൽ ചാപ്പലിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ അത്യഭിവന്ദ്യ കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയിൽ നിന്നും വൈദിക വസ്ത്രം സ്വീകരിച്ചു. പറക്കോട് ഇടവകയിൽ നിന്ന് ബ്ര. മുകളുവിള ആൽവിൻ ആന്റണി, ഏഴംകുളം ഇടവകയിൽ നിന്ന് ബ്ര. വാരൂർ അലൻ വർഗ്ഗീസ്, മഞ്ഞക്കാല ഇടവകയിൽ നിന്ന് ബ്ര. പുതുമന ഡാനി, പന്തപ്ലാവ് ഇടവകയിൽ നിന്ന് ബ്ര. കുറ്റിവടക്കേതിൽ ഗീവർഗ്ഗീസ് എന്നിവരാണ് വൈദിക വസത്രം സ്വീകരിച്ചത്. ക്രമീകരണങ്ങൾക്ക് മൈനർ സെമിനാരി റെക്ടർ വെരി റവ. ഫാ. ജോൺ മുരുപ്പേൽ, തിരുവനന്തപുരം മേജർ അതിഭദ്രാസന ഫിനാൻസ് ഓഫീസർ വെരി. റവ. ഫാ. തോമസ് കയ്യാലയ്ക്കൽ മൈനർ സെമിനാരി പ്രൊക്യുറേറ്റർ റവ. ഫാ. വർഗ്ഗീസ് പുല്ലുംവിള തെക്കേതിൽ എന്നിവർ നേതൃത്വം നൽകി.

www.malankaralibrary.com

# മൈനർ ഓർഡേഴ്സ്

2022 മെയ് മാസം 2-ാം തീയതി തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി ബ്രദർ പുത്തൻപുരയിൽ ജോസഫ്, ബ്രദർ പുത്തൻവിള ജോൺസൺ, ബ്രദർ മൈലമൂട്ടിൽ റൈറ്റസ്, ബ്രദർ മലയിൽ വർഗ്ഗീസ്, ബ്രദർ തേക്കുംവിള ടോം എന്നിവർ ഹൈവുപ്പദ്യാക്ക്നോ പട്ടവും, ബ്രദർ വടക്കേടത്ത് ജോസഫ്, ബ്രദർ പാലവിള ആൽബിൻ, ബ്രദർ പാലമൺ അലൻ, ബ്രദർ പാലനിൽക്കുന്നതിൽ ബനഡിക്ട്, ബ്രദർ കോട്ടയിൽ സിറിൽ, ബ്രദർ മണലുശ്ശേരിയിൽ സാം എന്നിവർ കോറൂയോ പട്ടവും, ബ്രദർ വാരൂർ അലൻ, ബ്രദർ പുതുമന ഡാനി, ബ്രദർ മുകളുവിള ആൽവിൻ, ബ്രദർ കുറ്റിവടക്കേതിൽ ഗീവർഗ്ഗീസ് എന്നിവർ മ്സമറോനോ പട്ടവും അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായിൽ നിന്നും സ്വീകരിച്ചു.

## സന്യാസ പ്രതിഷ്ഠ

ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം, തിരുവനന്തപുരം പ്രൊവിൻസിന്റെ പ്രഥമ-നിത്യവ്രത വാഗ്ദാന ശുശ്രൂഷകൾ 2022 ഏപ്രിൽ 29-ാം നാലാഞ്ചിറ പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് നടന്നു. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി സന്യാസ പ്രതിഷ്ഠാകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. നവസന്യാസ പരിശീലനം പൂർത്തിയാക്കി നോവിസ് മെൻ, സി. മെൽന മരിയ എന്ന പേര് സ്വീകരിച്ച് ആദ്യവ്രത വാഗ്ദാനവും സി. ഫ്രാൻസിസ്ക നിത്യവ്രത വാഗ്ദാനവും നടത്തി.

## ബഥനി സന്യാസിനി സമൂഹം. ജൂബിലി ആഘോഷം.

ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ തിരുവനന്തപുരം പ്രൊവിൻസിലെ 13 സിസ്റ്റേഴ്സ് സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ- രജത ജൂബിലി 2022 ഏപ്രിൽ മാസം 28 ന് നാലാഞ്ചിറ പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് ആഘോഷിച്ചു. സി. അഭിക്ഷിക്ത, സി. സാരൂപ്യ. സി. മഞ്ജുഷ, സി. അമൃത, സി. ധന്യ,

www.malankaralibrary.com

എന്നിവരുടെ സുവർണ്ണ ജൂബിലിയും സി. റോസ്‌ലെറ്റ്, സി. അമല, സി. പ്രശോഭ, സി. ലോറ, സി. മെറിൻ, സി. ഉഷസ്, സി. അജയ്, സി. ഹിത എന്നിവരുടെ രജത ജൂബിലിയുമാണ് ആഘോഷിച്ചത്. ജൂബിലിയുടെ കൃതജ്ഞതാബലിയിൽ കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് അഭിവന്ദ്യ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ അനുമോദന സമ്മേളനവും നടന്നു.

## പുസ്തകം പ്രകാശനം ചെയ്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സീനിയർ വൈദികനും തിരുവന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുൻ വികാരി ജനറാളുമായിരുന്ന വന്ദ്യ തോമസ് കുമ്പക്കാട്ട് കോറെപ്പിസ്കോപ്പായെക്കുറിച്ച് റവ. ഫാ. ഡോ. സി. സി. ജോൺ എഡിറ്റ് ചെയ്ത 'ഒളിമങ്ങാത്ത നക്ഷത്രശോഭ വന്ദ്യ തോമസ് കുമ്പക്കാട്ട് കോർ എപ്പിസ്കോപ്പ' എന്ന പുസ്തകത്തിന്റെ പ്രകാശനം പട്ടം മേജർ ആർച്ച്ബിഷപ്പ്സ് ഹൗസിൽ നടന്ന ചടങ്ങിൽ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവഹിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭ മേജർ ആർച്ച്ബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി പുസ്തകം ഏറ്റുവാങ്ങി. മുൻ ചീഫ് സെക്രട്ടറി ശ്രീ. ജോൺ മത്തായി ഐ.എ.എസ് പുസ്തകം പരിചയപ്പെടുത്തി. ശ്രീ. ജോർജ്ജ് ഓണക്കൂർ, രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റവ. ഫാ. മാത്യു ചന്ദ്രക്കുന്നേൽ എന്നിവർ ആശംസകൾ അറിയിച്ചു.

## മെത്രാഭിഷേക പ്രോഗ്രാം കമ്മിറ്റി രൂപികരിച്ചു

2022 ജൂലൈ 15നു നടത്തപ്പെടുന്ന മെത്രാഭിഷേകത്തിനു ഒരുക്കങ്ങൾ നടത്താൻ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. പെരി. ബഹു. ജില്ലാ വികാരിയച്ചന്മാർ, മേജർ അതിഭദ്രാസനാംഗങ്ങൾ എപ്പാർക്കിയാൽ കൺസൾട്ടേഴ്സ്, വിവിധ അപ്പസ്തോലേറ്റുകളുടെ ഡയറക്റ്റർമാർ, പ്രസിഡന്റുമാർ, തിരുവനന്തപുരത്തെ സ്ഥാപനങ്ങളുടെ ബർസാർമാർ എന്നിവരുടെ ഒരു ആലോചനാ യോഗം 2022 മെയ് 10നു പട്ടം മേജർ ആർച്ചുബിഷപ്പ് ഹൗസിൽ

www.malankaralibrary.com

വച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. നിയുക്ത മെത്രാൻ മോൺ. ഡോ. മാത്യു മനക്കരകാവിൽ കോറെപ്പിസ്കോപ്പ, വികാരി ജനറൽ വെരി. റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേക്കബ് പുന്നൂസ് ഐ. പി. എസ്. എന്നിവർ സംബന്ധിച്ചു. മെത്രാഭിഷേക ആഘോഷങ്ങളുടെ ജനറൽ കൺവീനറായി വികാരി ജനറൽ റവ. ഡോ. വർക്കി ആറ്റുപുറത്തച്ചനെയും, ജനറൽ സെക്രട്ടറിയായി ശ്രീ. ജേക്കബ് പുന്നൂസ് ഐ. പി. എസ്.നെയും നിയോഗിച്ചു.

## PROGRAMME COMMITTEE

| | | |
|---|---|---|
| Patron | : | **H. B. Moran Mor Baselios Cardinal Cleemis Catholicos** |
| Chairman | : | **His Excellency Most. Rev. Dr. Yoohanon Mar Theodosius** (Synodal Commission for Common Celebrations) |
| General Convenor | : | Very Rev. Msgr. Dr. Varkey Attupurath |
| General Secretary | : | Mr. Jacob Punnoose IPS |
| Liturgy | : | Very Rev. Dr. John Kuttiyil (Convenor) |
| | : | Very Rev. Dr. Sandra SIC (Joint-Convenor) |
| | : | Mr. Varghese George (Secretary) |
| | : | Very Rev. Fr. John Muruppel |
| | : | Very Rev. Dr. George Thomas Kochuvilayil |
| | : | Rev. Fr. Joseph Malayattil |
| | : | Rev. Fr. Varghese Pullumvilathekkethil |
| | : | Rev. Sr. Adarsa SIC |
| | : | Rev. Sr. Catherine SIC |
| Invitation | : | Very Rev. Fr. Thomas Kayyalackal (Convenor) |

www.malankaralibrary.com

| | | |
|---|---|---|
| | : | Mr. Suresh J. S. (Secretary) |
| | : | Rev. Fr. Johnson Puthuparambil |
| | : | Rev. Fr. Thomas Mukalumpurath |
| | : | Rev. Fr. Jaimson Kizhakkevila |
| | : | Rev. Fr. Jacob Kalluvila |
| | : | Rev. Sr. Dhanya Jose D. M. |
| Reception | : | Very Rev. Fr. Geevarghese Nediyath (Convenor) |
| | : | Very Rev. Dr. Jacob Thiruvalil OIC (Joint-Convenor) |
| | : | Very Rev. Dr. Anjali Therese D.M (Joint-Convenor) |
| | : | Prof. V. J. Jacob (Secretary) |
| | : | Rev. Fr. Mathew Parackal |
| | : | Rev. Dr. Shyju Punnamoottil |
| | : | Miss Jennifer |
| | : | Mrs. Jiji Mathai |
| | : | Mr. Minto Mathew |
| | : | Mr. Jith John Francis |
| Accommodation | : | Rev. Fr. Jobin Jacob Karukayil (Convenor) |
| | : | Very Rev. Br. Domenic Joseph Polaprayil CMSF (Joint Convenor) |
| | : | Mr. Pradeep Raj (Secretary) |
| | : | Rev. Fr. Koshy Chirakkarottu |
| | : | Rev. Fr. Clim Parukoor |
| | : | Rev. Sr. Jyothis DM |
| | : | Rev. Sr. Mahima SIC |
| | : | Rev. Sr. Tresa SIC |
| | : | Mr. P. K. Mathew |
| | : | Mr. Santhosh Dasan |

www.malankaralibrary.com

| | | |
|---|---|---|
| Media & Publicity | : | Very Rev. Fr. Bovas Mathew (Convenor) |
| | : | Mr. Boby Abraham (Secretary) |
| | : | Prof. Dr. Thomaskutty Kaimalayil |
| | : | Rev. Fr. Sheen Palakuzhy |
| | : | Rev. Fr. Geevarghese Valiyachangaveettil |
| | : | Rev. Fr. Varghese Kizhakkekara |
| | : | Rev. Fr. Abraham Muruppel |
| Food | : | Rev. Fr. Nelson Valiyaveettil (Convenor) |
| | : | Rev. Fr. Vincent Charuvila (Joint-Convenor) |
| | : | Rev. Fr. Thomas Madukkamoottil (Joint-Convenor) |
| | : | Mr. Francis Mangalath (Secretary) |
| | : | Mrs. Anitha Alex |
| | : | Mr. Saju Thokkattu |
| | : | Mr. Reji John Punnakoickal |
| | : | Mr. John Cherian |
| | : | Mrs. Asa Alex Rajeev |
| | : | Mrs. Suni Thomas |
| Spiritual Preparation | : | Very Rev. Fr. Thomas Marottimoottil (Convenor) |
| | : | Very Rev. Dr. Lydia D. M (Joint-Convenor) |
| | : | Mrs. Lovely Rajan (Secretary) |
| | : | Rev. Fr. Godjoy |
| | : | Rev. Fr. Thomas Kuttiyil |
| | : | Rev. Fr. Samuel Thonduparambil |
| | : | Rev. Fr. Thomas Mannikarott |
| | : | Mr. Johnson Joseph |
| | : | Mr. Mathukutty Valuparambil |

www.malankaralibrary.com

| | | |
|---|---|---|
| | : | Mr. James Kattampally |
| | : | Mrs. Trini Jacob Kandathil |
| Panthal,& Seating | : | Very Rev. Dr. George Thomas Kochuvilayil (Convenor) |
| | : | Mr. Sam Joseph Karingattil (Secretary) |
| | : | Rev. Fr. Domanic Savio |
| | : | Rev. Fr. Chalil Jacob |
| | : | Mr. Saju George Chacko |
| | : | Mrs.Thresiama Thomas |
| | : | Adv. Valsa John |
| | : | Mrs. Lali Stephen |
| Facilitators | : | Rev. Fr. John Kizhakkekara (Convenor) |
| | : | Mr. Bijo Geevarghese (Secretary) |
| | : | Mr. Lal M. Thomas |
| | : | Mr. Manoj Abraham |
| | : | Mr. Santhosh Daniel |
| | : | Mr. John Shaiju |
| | : | Mr. Prince Raj |
| | : | Mr. Babu Thomas |
| | : | Mrs. Axina Geo Augustine |
| | : | Mrs. Renuka Devi |
| | : | Mrs. Bini Elizabeth Samuel |
| Volunteers | : | Rev. Fr. Arun Erath (Convenor) |
| | : | Miss Renjitha R. J. (Secretary) |
| | : | Rev. Fr. Christy Charuvila |
| | : | Rev. Dr. Divya Jose D. M. |
| | : | Mr. Manu Mathew |

www.malankaralibrary.com

| | |
|---|---|
| | : Mr. Mobin Monachan |
| | : Mr. Sabin Edamulakal |
| | : Miss Laya Mariam Raju |
| | : Miss Ancy John S. N. |
| | : Mr. Jobin John |
| Sound, Light & LED Wall | : Rev. Fr. John Varghese Palanilkkunnathil (Convenor) |
| | : Mr. Santhosh P. Mathew (Secretary) |
| | : Rev. Fr. Raju Parukoor |
| | : Mr. Biju Thomas |
| | : Mr. Sabu Thankachan |
| Medical Assistance | : Very Rev. Fr. Jose Kizhakkedath (Convenor) |
| | : Mr. John Ottakombu (Secretary) |

www.malankaralibrary.com

# APPOINTMENTS

| | | | |
|---|---|---|---|
| 1. | Palavilayil<br>Very Rev. Dr. Thomas Pramod OIC | - | Karippoor<br>*(Bethany Ashram, Nedumangad ®)* |
| 2. | Desari Rev. Fr. Arundas OIC- Anadu | - | Vadakkekonam (Moozhi)<br>*(Bethany Ashram, Nalanchira ®)* |
| 3. | Edakkadambil Rev. Fr. Joshua OIC | - | Memala<br>- Vithura<br>(Bethany Ashram Trippadam®) |
| 4. | Kallil Rev. Fr. Daniel Thomas OIC | - | Kulappada<br>*(Bethany Ashram, Santhigiri ®)* |
| 5. | Moozhikkara Rev. Fr. Benedict OIC | - | Mangattukonam<br>*(Catholicate Centre ®)* |
| 6. | Pathalil Rev. Fr. Abel Mathew OIC | - | Veliyannoor<br>- Kuthirakulam<br>*(Bethany Ashram, Santhigiri ®)* |
| 7. | Pezhumkoottathil Rev. Fr. Johnson OIC | - | Arattupuzha (Asst. Vicar)<br>- Kura-Mylom *(Bethany Ashram, Kottavattom®)* |
| 8. | Pulinikkunnathil Rev. Fr. Mathew Reji OIC | - | Thirumala<br>*(Bethany Ashram Dhayara, Nalanchira®)* |
| 9. | Thottumkara Rev. Fr. George Solomon OIC | - | Kazhakunnam<br>*(Bethany Ashram, Nedumangad ®)* |

www.malankaralibrary.com

## ദൈവാലയ കൂദാശ-നെടുമങ്ങാട്

നെടുമങ്ങാട്, വൈദികജില്ല, പരുത്തിക്കുഴി ഹോളി ഫാമിലി മലങ്കര സുറിയാനി കത്തോലിക്ക പള്ളിയുടെ പുതുതായി പണി കഴിച്ച മദ്ബഹായുടെയും, നവീകരിച്ച ദൈവാലയത്തിന്റെയും കൂദാശാകർമ്മം 2022 മെയ് 8-ന് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ നിർവ്വഹിച്ചു. കൂദാശ കർമ്മങ്ങൾക്കുശേഷം നടത്തപ്പെട്ട വിശുദ്ധ കുർബ്ബാനയ്ക്ക് ബഥനി നവജീവൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ പെരിയ ബഹുമാനപ്പെട്ട മാത്യു തിരുവാലിൽ അച്ചൻ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറൽ മോൺ. വർക്കി ആറ്റുപുറത്ത് അച്ചൻ അദ്ധ്യക്ഷം വഹിക്കുകയും, അരുവിക്കര എം.എൽ.എ. ശ്രീ വിൻസന്റ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി ബഹുമാനപ്പെട്ട സിറിൽ ആനന്ദ് മൊറോത്ത് ഒ.ഐ.സി. അച്ചൻ നേതൃത്വം കൊടുത്തു.

---

www.malankaralibrary.com

## സ്നേഹപൂർവ്വം ഒരു വീട്

അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ പൗരോഹിത്യ സ്വീകരണ രജതജൂബിലി സ്മാരകമായി ആരംഭിച്ച 'സ്നേഹപൂർവ്വം ഒരു വീട്' എന്ന കാരുണ്യപദ്ധതിയിൽ 2022 മെയ് 31 വരെ പൂർത്തിയായ വീടുകൾ: **2080**

## എം.സി.വൈ.എം.

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വൈദിക ജില്ല ഭാരവാഹികൾക്കുവേണ്ടി തെന്മല ഇക്കോടൂറിസം മേഖല ഉൾപ്പെടുന്ന പുനലൂർ വൈദിക ജില്ലയിലെ ഉറുകുന്ന് ലൂർദ് മാതാ ദൈവാലയ ആഡിറ്റോറിയത്തിൽ വെച്ച് മെയ് 21 ശനിയാഴ്ച രാവിലെ 9 മണി മുതൽ ലീഡേഴ്സ് മീറ്റ് നടത്തപെട്ടു. എം.സി.വൈ.എം. സഭാതല ഡയറക്ടർ ബഹു. ഫാ.എബ്രഹാം മേപ്പുറത്ത് അച്ചൻ ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. പുനലൂർ വൈദികജില്ല വികാരി പെരിയ ബഹു. ഫാ.തോമസ് മരോട്ടിമൂട്ടിൽ അച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തുകയും, അതിഭദ്രാസന ഡയറക്ടർ ബഹു. ഫാ. അരുൺ ഏററത്ത്, ഫാ. ഗോഡ്ജോയ് രാജ്, ഫാ. ജോർജ് ഭട്ടശേരിൽ, ഫാ. എബ്രഹാം മുരുപ്പേൽ, ഫാ. സാം വെങ്ങാട്ടൂർ, എം.സി.വൈ.എം. സഭാതല ജനറൽ സെക്രട്ടറി ശ്രീ. സുബിൻ തോമസ്, എം.സി.വൈ.എം. പത്തനംതിട്ട രൂപതാ പ്രസിഡന്റ് ശ്രീ. അജോഷ് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. തുടർന്ന് ഇന്നിന്റെ നേതാക്കന്മാരോട് എന്ന വിഷയത്തിൽ നവ വൈദികൻ ബഹു. ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ അച്ചനും, എം.സി.വൈ.എം. ഭരണഘടനയെ കുറിച് ബഹു. തോമസ് കയ്യാലയ്ക്കൽ അച്ചനും ക്ലാസുകൾ നയിച്ചു. അതെ തുടർന്ന് തെന്മല ഡാം സന്ദർശിക്കുകയും, 'EXPLORA' PLACE HUNT മത്സരവും നടത്തി.

www.malankaralibrary.com

# വിശ്വാസപരിശീലന കാര്യാലയം

## X, XII ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് പരീക്ഷ

2021 മാർച്ച് 20 നു നടത്തിയ X, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടേയും സ്കോളർഷിപ്പ് പരീക്ഷയുടേയും റിസൾട്ട് പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം ഓരോ ജില്ലകളുടേയും വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ലഭ്യമാണ്. 10 ലും, 12 ലും പരീക്ഷ എഴുതിയ മുഴുവൻ കുട്ടികളും വിജയിച്ചു.

## എം.ബി.ഒ.സി ട്രെയിനിംഗ് പ്രോഗ്രാം

സഭയാകുകയെന്നാൽ എന്ന വിഷയത്തെ ആസ്പദമാക്കി ഓരോ ഇടവകയിലും എം.ബി.ഒ.സി നടത്തുന്നതിനായി ബഹുമാനപ്പെട്ട വൈദിക വിദ്യാർത്ഥികൾക്കും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും , ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട മതാദ്ധ്യാപകർക്കുമായി 2022 ഏപ്രിൽ 20,21,22,23 തീയതികളിലായി സമന്വയ പാസ്റ്ററൽ സെന്റർ, കൊട്ടാരക്കര, അഞ്ചൽ എന്നീ സെന്ററുകളിൽ വച്ച് ട്രെയിനിംഗ് നടത്തപ്പെട്ടു. റവ. ഫാ. ബിനു സ്കറിയ SDB, റവ. ഫാ. ജോസഫ് വള്ളിയാട്ട്, മേജർ സെമിനാരി വൈദിക വിദ്യാർത്ഥികൾ എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

## പുസ്തക വിതരണം

**2022 മെയ് 21 മുതൽ സണ്ടേസ്കൂൾ പുസ്തകങ്ങൾ വൈദിക ജില്ലകളിൽ വിതരണം ചെയ്യുന്നതാണ്.**

| | | | | |
|---|---|---|---|---|
| മെയ് 21, ശനി | ഉച്ചയ്ക്ക് | 2.30 - 5.00 | കിളിമാനൂർ | പിരപ്പൻകോട് പള്ളി |
| മെയ് 22, ഞായർ | ഉച്ചയ്ക്ക് | 2.30 - 5.00 | നെടുമങ്ങാട് | വെള്ളൂർക്കോണം പള്ളി |
| മെയ് 23, തിങ്കൾ | രാവിലെ | 10.30-12.30 | കൊട്ടാരക്കര | പുലമൺ പള്ളി |
| മെയ് 23 തിങ്കൾ | ഉച്ചയ്ക്ക് | 2.30 - 5.00 | അടൂർ | അടൂർ പള്ളി |
| മെയ് 24, ചൊവ്വ | രാവിലെ | 10.30 - 12.30 | പുനലൂർ | പുനലൂർ പള്ളി |

www.malankaralibrary.com

**നിയുക്ത മെത്രാന്മാർക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാതിരുമേനിയും**
**മറ്റു മെത്രാന്മാരും ചേർന്ന് സ്ഥാനചിഹ്നങ്ങൾ അണിയിക്കുന്നു.**

**(2022 മെയ് 7, പട്ടം കത്തീഡ്രൽ)**











www.malankaralibrary.com



ബഥനി സന്യാസിനി സമൂഹം തിരുവനന്തപുരം പ്രൊവിൻസ്
പുതിയ പ്രൊവിൻഷ്യൽ ടീം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയെ സന്ദർശിച്ചപ്പോൾ



സമൂഹം തിരുവനന്തപുരം പ്രൊവിൻസ് നിത്യവ്രതവാഗ്ദാനവും
ആദ്യവ്രത വാഗ്ദാനവും ചെയ്ത സിസ്റ്റേഴ്സ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം

www.malankaralibrary.com



തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി വൈദിക വസ്ത്രം സ്വീകരിച്ച
വൈദിക വിദ്യാർത്ഥികൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം
(2022 ഏപ്രിൽ 27, സെന്റ് ബേസിൽ ചാപ്പൽ, തിരുസന്നിധി)



മൈനർ ഓർഡേഴ്സ് സ്വീകരിച്ച വൈദിക വിദ്യാർത്ഥികൾ
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം
(2022 മെയ് 2, സെന്റ് ബേസിൽ ചാപ്പൽ, തിരുസന്നിധി)

www.malankaralibrary.com



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത നെടുമങ്ങാട് പരുത്തിക്കുഴി
ഹോളി ഫാമിലി മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയം.
(8 മെയ് 2022)

www.malankaralibrary.com

| | | | | |
|---|---|---|---|---|
| മെയ് 24, ചൊവ്വ | ഉച്ചയ്ക്ക് | 2.30 - 5.00 | ഉറുകുന്ന് | ഉറുകുന്ന് പള്ളി |
| മെയ് 26, വ്യാഴം | രാവിലെ | 10.30 - 12.30 | കഴക്കൂട്ടം | കാരമ്മൂട് പള്ളി |
| മെയ് 27, വെള്ളി | രാവിലെ | 10.30 - 12.30 | അഞ്ചൽ | അഞ്ചൽ പള്ളി |
| മെയ് 27, വെള്ളി | ഉച്ചയ്ക്ക് | 2.30 - 5.00 | ആയൂർ | ആയൂർ പള്ളി |

**പുസ്തകങ്ങളുടെ വിലനിലവാരം**

| | |
|---|---|
| എൽ.കെ.ജി, യു.കെ.ജി | - 125/- |
| 1 മുതൽ 9 വരെ (മലയാളം) | - 85/- |
| 10 മുതൽ 12 വരെ (മലയാളം) | - 100/- |
| 1 മുതൽ 9 വരെ (ഇംഗ്ലീഷ്) | - 90/- |
| 10 മുതൽ 12 വരെ (ഇംഗ്ലീഷ്) | - 100/- |
| അദ്ധ്യാപക/ കുട്ടികളുടെ ഡയറി | - 70/- |

## SCHOLARSHIPEXMINATION
## RESULTS 2021 - 2022

### STANDARD III

| പേര് | ഇടവക | വൈദികജില്ല | റാങ്ക് |
|---|---|---|---|
| നെവിൻ എം വിനു | ചിരട്ടക്കോണം | കൊട്ടാരക്കര | Ist |
| ജുവൽ ജെ മാത്യു | വയല | അഞ്ചൽ | 2nd |
| ഇസബൽ മരിയ അലക്സ് | പട്ടം | തിരുവനന്തപുരം | 3rd |

### STANDARD IV

| | | | |
|---|---|---|---|
| ജോസഫ് സാബു ആഞ്ചല | നാലാഞ്ചിറ | തിരുവനന്തപുരം | Ist |
| എൽസാ ജോൺ | അഞ്ചൽ | അഞ്ചൽ | 2nd |
| കാതറിൻ റെയ്ച്ചൽ തോമസ് | അടൂർ | അടൂർ | 3rd |

www.malankaralibrary.com

**STANDARD V**

| | | | |
|---|---|---|---|
| ബിജിത് ബി. എസ്. | വില്ലൂർ | കൊട്ടാരക്കര | Ist |
| സാന്ദ്രാ ജോബ് | ഒറ്റക്കൊമ്പ് | കിളിമാനൂർ | 2nd |
| അഡോണ അലക്സ് | ഇടമുളയ്ക്കൽ | ആയൂർ | 3rd |

**STANDARD VI**

| | | | |
|---|---|---|---|
| ദിയ എൽ. ജെ. | കല്ലയം | തിരുവനന്തപുരം | Ist |
| ആൽബർട്ട് പ്രകാശ് | വേങ്ങൂർ | ആയൂർ | 2nd |
| ജോയൽ സിജു | അടൂർ | അടൂർ | 3rd |

**STANDARD VII**

| | | | |
|---|---|---|---|
| ആരോൺ പ്രദീപ് | തമലം | തിരുവനന്തപുരം | Ist |
| ജോയന്ന മറിയം സെബി | കൈതപ്പറമ്പ് | അടൂർ | 2nd |
| ആലിൻ എസ് മാത്യു | നിലമേൽ | കിളിമാനൂർ | 3rd |

**STANDARD VIII**

| | | | |
|---|---|---|---|
| ഹന്ന ബ്ലെസ് ബിജു | പട്ടം | തിരുവനന്തപുരം | 1st |
| അപ്സ ജിൽ | കാരേറ്റ് | കിളിമാനൂർ | 2nd |
| സിയ സൂസൻ ജോൺ | കുളത്തൂപ്പുഴ | അഞ്ചൽ | 3rd |

**STANDARD IX**

| | | | |
|---|---|---|---|
| അലീന എസ് മാത്യു | നിലമേൽ | കിളിമാനൂർ | 1st |
| റിച്ച സാറാ സാം | പട്ടം | തിരുവനന്തപുരം | 2nd |
| ലിയ മരിയ ലിനോജ് | പുതുശ്ശേരിഭാഗം | അടൂർ | 3rd |

**STANDARD XI**

| | | | |
|---|---|---|---|
| ലിയ റെയ്ച്ചൽ ബിനു | ഇളമണ്ണൂർ | അടൂർ | 1st |
| എയ്ഞ്ചൽ എബ്രഹാം | ഇടമുളയ്ക്കൽ | ആയൂർ | 2nd |
| ആഞ്ചലീന മനോജ് | ഇടമൺ | പുനലൂർ | 3rd |

www.malankaralibrary.com



## Campus Interview

DDUGKY കുട്ടികൾക്ക് Placement ഭാഗമായി 2022 മെയ് 4, 10 തീയതികളിൽ Campus Interview നടത്തി. Tech bytes IT Solutions, Oreon System, Luxorian System എന്നീ കമ്പനികൾ BPO Service, Data entry എന്നീ മേഖലകളിലേക്ക് Job offer ചെയ്തുകൊണ്ട് Placement Awareness Session നടത്തി. അതിനുശേഷം Individualised interview നടത്തി select ആയ കുട്ടികൾക്ക് കമ്പനികളിലേക്ക് Job offer ചെയ്തു. കുട്ടികൾ ജോലിയ്ക്ക് പ്രവേശിക്കുകയും ചെയ്തു.

## Best Placement Award - DDUGKY & Yuvakeralam

കുടുംബശ്രീയുടെ നൂറ്ദിന കർമ്മപദ്ധതി സ്വയംതൊഴിൽ വേതനാധിഷ്ഠിത-തൊഴിൽ പൂർത്തീകരണ പ്രഖ്യാപന സമ്മേളനം 2022 മെയ് 7 ന് 10 മണിക്ക് EMS hall ജില്ലാ പഞ്ചായത്ത് കാര്യാലയം തിരുവനന്തപുരത്ത് വച്ചു നടത്തപ്പെട്ടു. കേരളാ എക്സൈസ് വകുപ്പ് മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വച്ച് Best Placement ചെയ്യുന്ന കുട്ടികൾക്ക് അവാർഡ് നൽകുകയുണ്ടായി. DDUGKY student അഞ്ചു ബി, Yuvakeralam student രജിത്ത്, ശ്രീലക്ഷ്മി എന്നീ കുട്ടികൾ മന്ത്രിയുടെ പക്കൽ നിന്നും Best Placementനുള്ള അവാർഡ് നേടി. പ്രസ്തുത സമ്മേളനത്തിൽ എം.എസ്സ്.എസ്സ്.എസ്സ്ൽ നിന്നും DDUGKY centre head ശ്രീമതി ഷൈമ, **Yuvakeralam** centre head കുമാരി നീതു, DDUGKY MIS head ശ്രീമതി ജിൻസി, under training 25 കുട്ടികൾ പങ്കെടുത്തു.

## ALUMNI MEET - DDUGKY & Yuvakeralam

2022 മെയ് 10 ന് DDUGKY & Yuvakeralam ബാച്ചിലെ കുട്ടികൾക്കായി ALUMNI MEET നടത്തി. CRM 14, Electrical 7, DDEO 6 എന്നീ ബാച്ചുകളിലെ കുട്ടികൾക്കാണ് മീറ്റിംഗ് നടത്തിയത്. പ്രസ്തുത മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ് എക്സിക്യുട്ടീവ് ഡയറക്ടർ

www.malankaralibrary.com

റവ. ഫാ. വിൻസെന്റ് ചരുവിള കുട്ടികൾക്കായി Motivational talk നടത്തി. കോഴ്സ് പൂർത്തീകരിച്ച കുട്ടികൾക്ക് Course Completion Certificate വിതരണം ചെയ്തു. 55 കുട്ടികൾ പങ്കെടുത്തു.

## സ്റ്റാഫ് മീറ്റിംഗ്

2022 മെയ് 10-ാം തീയതി എം.എസ്സ്.എസ്സ്.എസ്സ് എക്സിക്യുട്ടീവ് ഡയറക്ടർ റവ. ഫാ. വിൻസെന്റ് ചരുവിളയുടെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് എം.എസ്സ്.എസ്സ്.എസ്സ്ൽ വച്ചു നടത്തപ്പെട്ടു. ഓരോ പ്രോജക്ടിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു വില യിരുത്തൽ നടത്തി.

## SAFP Regional Meeting - Ernakulam

സേവ് എ ഫാമിലിയുടെ ഈ വർഷത്തെ Annual meeting 2022 മെയ് 10,11,12,13,14 തീയതികളിൽ എറണാകുളം ആലുവയിൽ വച്ചു നടത്തപ്പെട്ടു. ഇന്ത്യയിലെ വിവിധ 29 NGO യിൽ നിന്ന് SAFP Co- ordinators പങ്കെടുത്തു. എം.എസ്സ്.എസ്സ്.എസ്സ്ൽ നിന്നും കുമാരി രാഖി ആർ. ജെ. പങ്കെടുത്തു. 2022 – 2023 വർഷത്തെ പ്ലാനിംഗ് ആയിരുന്നു പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്.

## DDUGKY & Yuvakeralam Project

2022 മെയ് 12 ന് എം.എസ്സ്.എസ്സ്.എസ്സ് എക്സിക്യുട്ടീവ് ഡയറക്ടർ റവ.ഫാ.വിൻസെന്റ് ചരുവിള, സ്റ്റാഫ് സെക്രട്ടറി ശ്രീ. ബൈജു, MIS Head ശ്രീമതി ജിൻസി എന്നിവർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീമതി ശ്രീവിദ്യ IASനെ സന്ദർശിക്കുകയും DDUGKY & Yuvakeralam പ്രോജക്ടുകളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു.

2022 മെയ് 3 ന് Kerala State Mission Co- ordinator ശ്രീ ലിയോ പോൾ എം.എസ്സ്.എസ്സ്.എസ്സ് സന്ദർശിക്കുകയും പ്രോജക്ട് സ്റ്റാഫു മായി സംവദിക്കുകയും ചെയ്തു.

## ആശാകിരണം പദ്ധതി

2022 മെയ് 19 ന് ആശാകിരണത്തിന്റെ ഭാഗമായി MSC Training and Review meeting എം.എസ്സ്.എസ്സ്.എസ്സ്-ൽ വച്ചു നടത്തപ്പെട്ടു. എക്സിക്യുട്ടീവ് ഡയറക്ടർ റവ.ഫാ. വിൻസെന്റ് ചരുവിള അദ്ധ്യക്ഷ പദം അലങ്കരിച്ചു. Caritas India State Incharge Mr. Abeesh Antony മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും Mr. Dileesh Training കൈകാര്യം

www.malankaralibrary.com

ചെയ്തു. രാവിലെ 10 ന് ആരംഭിച്ച ട്രെയിനിംഗ് വൈകുന്നേരം 4.30 ന് സമാപിച്ചു.

## CHARIS Migration Programme

അതിഥി തൊഴിലാളികൾക്കായി നടത്തിവരുന്ന ഈ പ്രോജക്ടിൽ National Conference on Migration മെയ് 25,26,26 തീയതികളിൽ Indian Social Institute Bangalore വച്ച് നടത്തുകയുണ്ടായി. MSSS Executive Director Rev. Fr. Vincent Charuvila, CHARIS Migration co-ordinator Mr. Sijo V. S. എന്നിവർ പങ്കെടുത്തു.

## സ്നേഹ സുരക്ഷ

വിധവകളായ അമ്മമാരെ സഹായിക്കുന്ന ഈ സംരംഭത്തിൽ ഗുണഭോക്താക്കളുടെ മുടക്കമായിരുന്ന ഫണ്ട് 100 പേർക്ക് 7500 രൂപ വച്ചു 7,50,000 രൂപ 2022 മെയ് 27-ാം തീയതി ഗുണഭോക്താക്കൾക്ക് നൽകുകയുണ്ടായി.

## SAFP കുടുംബ സഹായ പദ്ധതി - തിരുവനന്തപുരം

2022 മെയ് മാസം SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും തൊഴിൽ പദ്ധതിക്കുവേണ്ടി തിരുവനന്തപുരം മേഖലയിലെ 2 കുടുംബങ്ങൾക്ക് 40000/ രൂപ ധനസഹായം നൽകി.

## പഠനോപകരണ വിതരണം

ജൂൺ 1 പ്രവേശനോത്സവത്തിനോടനുബന്ധിച്ച് മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ജയമാതാ ഓർഫണേജിലെ 50 കുട്ടികൾക്കായി 2022 മെയ് 31 ന് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. വിൻസെന്റ് ചരുവിള പഠനോപകരണം വിതരണം ചെയ്തു. എം.എസ്സ്.എസ്സ്.എസ്സ് ൽ നിന്നും സിസ്റ്റർ മരിയ ഗൊരേത്തി, ശ്രീമതി ജിൻസി, ശ്രീ ബൈജു, ശ്രീ.ഷിജിൻ, ശ്രീ. മിഥുൻ എന്നിവർ പങ്കെടുത്തു.

## വിവിധ ധനസഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 2 കുടുംബങ്ങൾക്ക് 40000/ രൂപയും സ്നേഹ സുരക്ഷ പദ്ധതിയിൽ 100 കുടുംബങ്ങൾക്ക് 7,50,000 രൂപയും വൈദ്യസഹായങ്ങളും, മറ്റു സഹായവുമായി 11,000/ രൂപയും നൽകി.

www.malankaralibrary.com

**ശ്രീമതി അന്നമ്മ കെ. (69)**



മേജർ അതിഭദ്രാസന അംഗമായ റവ. ഫാ. വർഗീസ് കിഴക്കേക്കര അച്ചന്റെ വത്സല മാതാവ് ശ്രീമതി. അന്നമ്മ. കെ. (69) നിര്യാതയായി. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായും അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായും ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. മൃതസംസ്കാരം മെയ് 19ന് പുത്തൻപീടിക, സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

www.malankaralibrary.com

## ഇടയനാളാഗമം
### ഏപ്രിൽ 2022
### (പ്രധാന പരിപാടികൾ)

**ഏപ്രിൽ 01**

വൈകുന്നേരം 5.00 ന്, ട്രിവാൻഡ്രം പ്രസ്സ് ക്ലബിൽ ശ്രീ. ഡി. ബാബുപോൾ അനുസ്മരണ സമ്മേളനത്തിൽ സംബന്ധിച്ച് ഡി. ജി. പി. ശ്രീമതി ബി. സന്ധ്യ രചിച്ച "ഓർമ്മകളിൽ ബാബുപോൾ" എന്ന പുസ്തകം പ്രകാശനം ചെയ്തു.

**ഏപ്രിൽ 02**

പുതുതായി പണികഴിപ്പിച്ച ചിറമുക്ക് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു.

വൈകുന്നേരം 3.30 ന്, മണ്ണന്തല സെന്റ് ജോൺ പോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ തലയ്ക്കാവിൽ ഗ്രേസ് വില്ലയിൽ ബിജു ഡാനിയേലിന്റെയും ഡോ. സൂസൻ കുര്യന്റെയും മകൾ അലീസാ മരിയാ ബിജുവിന്റെ മാമ്മോദീസായ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 03**

രാവിലെ 7.00 ന്, തമലം തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 3.00 ന്, തിരുവല്ല ബോധനയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 04**

രാവിലെ 8.30 ന്, തിരുവല്ല പുഷ്പഗിരി മെഡിസിറ്റിയിൽ സ്ഥാപിച്ച സോളാർ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

വൈകുന്നേരം 3.30 ന്, തിരുസന്നിധിയിൽ മേജർ അതിഭദ്രാസനത്തിന്റെ അസ്സിസ്റ്റന്റ് ഫിനാൻസ് ഓഫീസറായി നിയമിതനായ റവ. ഫാ. ജോബിൻ കറുകയിലിന് അരമനയിൽ സ്വീകരണം നൽകി.

www.malankaralibrary.com

രാത്രി 7.00 ന്, മണ്ണന്തല സെന്റ് ജോൺ പോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നോമ്പുകാല കുരിശുമല തീർത്ഥാടനത്തിന്റെ ഭാഗമായുള്ള സ്ലീബാ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 05**

രാവിലെ 11.30 ന്, തിരുസന്നിധിയിൽ ബി.ജെ.പി. നേതാവും മുൻ കേന്ദ്ര മന്ത്രിയുമായിരുന്ന ശ്രീ. പൊൻ രാധാകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചയ്ക്ക് 12.30 ന്, ബഥനി സിസ്റ്റേഴ്സ് നാലാഞ്ചിറ പ്രൊവിൻസിന്റെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ അംഗങ്ങൾക്ക് തിരുസന്നിധിയിൽ സ്വീകരണം നൽകുകയും അവരോടൊപ്പം ഉച്ചഭക്ഷണത്തിൽ സംബന്ധിക്കുകയും ചെയ്തു.

**ഏപ്രിൽ 07**

രാവിലെ 7.30 ന്, പാറോട്ടുകോണത്തു ശ്രീ. അരുൺ ടി. ചാക്കോയുടെ ഭവനത്തിന്റെ കല്ലിടൽ കർമ്മം നിർവഹിച്ചു.

ഉച്ചയ്ക്ക് 12.30 ന്, തിരുസന്നിധിയിൽ ബി. ജെ. പി. നേതാവും മുൻ കേന്ദ്ര മന്ത്രിയുമായിരുന്ന ശ്രീ. പൊൻ രാധാകൃഷ്ണനും മറ്റു നേതാക്കളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 4.30 ന്, നെയ്യാറ്റിൻകരയിൽ സെന്റ് ജൂഡ് ഗ്രൂപ്പിന്റെ സുപ്പർ മാർക്കറ്റ് കൂദാശ ചെയ്ത് ഉദ്ഘാടനം ചെയ്തു.

രാത്രി 7.00 ന്, മാർത്താണ്ഡത്ത് ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി.

**ഏപ്രിൽ 08**

ഉച്ചയ്ക്ക് 2.30 ന്, തിരുസന്നിധിയിൽ യാക്കോബായ സുറിയാനി സഭയുടെ മെത്രാപ്പോലിത്തൻ ട്രസ്റ്റി അഭിവന്ദ്യ ജോസഫ് മാർ ഗ്രിഗോറിയോസ് പിതാവുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 6.30 ന്, കോഴിയോട് സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നോമ്പുകാല കൺവെൻഷൻ ഉദ്ഘാടനം ചെയ്തു വചനസന്ദേശം നൽകി.

www.malankaralibrary.com

**ഏപ്രിൽ 09**

വൈകുന്നേരം 4.00 ന്, തിരുസന്നിധിയിൽ വേർഡ് ടു വേൾഡ് ടെലിവിഷൻ ചാനലിനു ഈസ്റ്റർ സന്ദേശം നൽകി.

**ഏപ്രിൽ 10**

രാവിലെ 6.15 ന്, പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ഓശാന ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 11**

രാവിലെ 10.30 ന്, പാളയം സമാധാനരാജ്ഞി ബസിലിക്കായിൽ ശ്രീ എബ്രഹാം ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 4.00 ന്, ആലപ്പുഴയിൽ എത്തി കാലംചെയ്ത ബിഷപ്പ് ഡോ സ്റ്റീഫൻ അത്തിപ്പുഴയ്ക്കലിനുവേണ്ടി പ്രാർത്ഥിച്ചു.

**ഏപ്രിൽ 12**

രാവിലെ 10.30 ന്, തിരുസന്നിധിയിൽ വിവിധ പത്ര-ടെലിവിഷൻ മാധ്യമങ്ങൾക്ക് ഈസ്റ്റർ സന്ദേശം നൽകി.

**ഏപ്രിൽ 13**

വൈകുന്നേരം 4.00 ന്, തിരുസന്നിധിയിൽ റവ. ഫാ. ബോബി ജോസ് കട്ടിക്കാടുമായി കൂടിക്കാഴ്ച നടത്തി.

**ഏപ്രിൽ 14**

വൈകുന്നേരം 3.00 ന്, പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ പെസഹാ തിരുക്കർമ്മങ്ങളുടെ ഭാഗമായുള്ള കാൽകഴുകൽ ശുശ്രൂഷയ്ക്കും തുടർന്നുള്ള പെസഹാ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. വിശുദ്ധ കുർബാന മദ്ധ്യേ വചനസന്ദേശം നൽകി.

**ഏപ്രിൽ 15**

രാവിലെ 7.00 ന്, തിരുവനന്തപുരത്ത് സംയുക്ത കുരിശിന്റെ വഴിയിൽ സംബന്ധിച്ചു സന്ദേശം നൽകി.

രാവിലെ 7.30 ന്, ബാർട്ടൻ ഹിൽ സെന്റ് പീറ്റർ ആൻഡ് പോൾ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

www.malankaralibrary.com

**ഏപ്രിൽ 16**

രാവിലെ 7.30 ന്, പട്ടം കത്തീഡ്രൽ സെമിത്തേരിയിൽ ധൂപ പ്രാർത്ഥന നടത്തി.

വൈകുന്നേരം 3.00 ന്, തിരുസന്നിധിയിൽ കേന്ദ്ര മന്ത്രി വി. മുരളീധരൻ സന്ദർശനം നടത്തി ഈസ്റ്റർ ആശംസകൾ നേർന്നു. രാത്രി 7.00 ന്, പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ഉയിർപ്പ് ശുശ്രൂഷയ്ക്കും വിശുദ്ധ കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 17**

രാവിലെ 8.00 ന്, തിരുസന്നിധിയിൽ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനോടും ബഹുമാനപ്പെട്ട വൈദികരോടും സന്യസ്തരോടും ബ്രദേഴ്സിനോടുമൊപ്പം പ്രഭാത ഭക്ഷണത്തിൽ പങ്കുചേർന്നു.

**ഏപ്രിൽ 18**

രാവിലെ 7.00 ന്, തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ തോട്ടുങ്കൽ കുടുംബത്തിലെ ബോബിയുടെയും സൗമ്യയുടെയും മകൻ ബേസിലിന് ആദ്യ കുർബാന നൽകി.

രാത്രി 7.00 ന്, തിരുസന്നിധിയിൽ മേജർ അതിഭദ്രാസനത്തിന്റെ സാമ്പത്തിക ഉപദേശക സമിതി മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

**ഏപ്രിൽ 20**

രാവിലെ 9.00 ന്, തലശ്ശേരി കത്തീഡ്രലിൽ അതിരൂപതാ അദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിച്ച് വചനസന്ദേശം നൽകി.

**ഏപ്രിൽ 21**

രാവിലെ 11.00 ന്, ബത്തേരി കൊലക്കപ്പാറയിൽ സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ശ്രീ. ഷാന്റോയുടെയും ഷാലറ്റിന്റെയും വിവാഹം ആശിർവദിച്ചു.

വൈകുന്നേരം 4.30 ന്, ബത്തേരിയിൽ അത്യഭിവന്ദ്യ പിതാവിന്റെ സഹോദരി സിസ്റ്റർ ജോയിസ് എസ്. ഐ. സിക്ക് രോഗീലേപനം നൽകി.

www.malankaralibrary.com

രാത്രി 8.00 ന്, ബത്തേരി അരമനയിൽ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിന്റെ സപ്തതി ആഘോഷങ്ങളിൽ പങ്കെടുത്തു.

**ഏപ്രിൽ 23**

രാവിലെ 9.30 ന്, പാലക്കാട് കത്തീഡ്രലിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കലിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിച്ചു വചനസന്ദേശം നൽകി.

**ഏപ്രിൽ 24**

രാവിലെ 8.00 ന്, അടൂർ തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 5.00 ന്, കടമ്പനാട് റവ. ഫാ. ബിന്നി നെടുമ്പുറത്തിന്റെ പിതാവിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 6.30 ന്, അടൂരിൽ വൈദിക ജില്ലാ വികാരിയച്ചന്മാരുടെ സംഗമത്തിൽ സംബന്ധിച്ചു.

**ഏപ്രിൽ 25**

രാവിലെ 7.30 ന്, ചെമ്പനരുവി സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

രാവിലെ 9.00 ന്, ചെമ്പനരുവി സെന്റ് പോൾസ് എൽ. പി. സ്കൂളിന്റെ പുതുതായി പണികഴിപ്പിച്ച കെട്ടിടം കൂദാശ ചെയ്തു.

രാവിലെ 11.15 ന്, ഏഴംകുളം ഹോളി ഫാമിലി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ഞായല്ലൂർ കുടുംബത്തിലെ സിജോ സജു ജോണിന്റെയും വർഷ എൽസയുടെയും വിവാഹം ആശിർവദിച്ചു.

**ഏപ്രിൽ 27**

രാവിലെ 6.30 ന്, തിരുസന്നിധി സെന്റ് ബേസിൽ ചാപ്പലിൽ ബ്രദർ കുറ്റിവടക്കേതിൽ ഗീവർഗ്ഗീസ്, ബ്രദർ മുകളുവിള ആൽവിൻ ആന്റണി, ബ്രദർ പുതമന ഡാനി, ബ്രദർ വാരൂർ അലൻ വർഗ്ഗീസ്

www.malankaralibrary.com

എന്നിവരുടെ വൈദിക വസ്ത്ര സ്വീകരണ ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 28**

രാവിലെ 8.00 ന്, നാലാഞ്ചിറ എസ്. ഐ. സി. പ്രൊവിൻഷ്യ ലേറ്റിൽ സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

ഉച്ചയ്ക്ക് 12.30 ന്, തിരുസന്നിധിയിൽ കേന്ദ്ര ന്യൂനപക്ഷകാര്യ സഹമന്ത്രി ശ്രീ. ജോൺ ബർളയ്ക്ക് സ്വീകരണം നൽകുകയും ഉച്ച ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു.

**ഏപ്രിൽ 29**

രാവിലെ 6.30 ന്, നാലാഞ്ചിറ എസ്. ഐ. സി പ്രൊവിൻഷ്യ ലേറ്റിൽ സിസ്റ്റേഴ്സിന്റെ വ്രത വാഗ്ദാന ശുശ്രൂഷയ്ക്കും വിശുദ്ധ കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 3.00 ന്, തിരുസന്നിധിയിൽ ദീപിക തിരുവന ന്തപുരം റീജ്യണിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം 5.00 ന്, തിരുസന്നിധിയിൽ റവ. ഫാ. സി. സി. ജോൺ രചന നിർവഹിച്ച 'ഒളിമങ്ങാത്ത നക്ഷത്രശോഭ' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ കേരള മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയിൽ നിന്നും പുസ്തകം ഏറ്റുവാങ്ങി.

**ഏപ്രിൽ 30**

രാവിലെ 11.00 ന്, മണ്ണന്തല സെന്റ് ജോൺ പോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ശ്രീ. വിനീ തിന്റെയും ജിൻസിയുടെയും വിവാഹം ആശിർവദിച്ചു.

ഉച്ചയ്ക്ക് 2.30 ന്, അഞ്ചൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിനുവേണ്ടി നിർമ്മിച്ച താൽക്കാലിക ചാപ്പൽ കൂദാശ ചെയ്തു.

വൈകുന്നേരം 5.00 ന്, ആര്യങ്കാവ് സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടന ദൈവാലയത്തിൽ ഇടവക തിരുന്നാളിനോടനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

www.malankaralibrary.com

# ഇടയനാളാഗമം
## മെയ് 2022
## (പ്രധാന പരിപാടികൾ)

**മെയ് 1**

രാവിലെ 7.30-ന് ഇടവക തിരുനാളിനോടനുബന്ധിച്ച് കിഴക്കേത്തെരുവ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം 3.00-ന് തിരുവനന്തപുരം പാറ്റൂർ സെന്റ് മാർത്തോമാ ദൈവാലയത്തിൽ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റോം തിരുമേനിയുടെ ഓർമ്മയോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

വൈകുന്നേരം 5.30-ന് ഗോവായിലെ ഗവർണറായ ശ്രീ പി. എസ്. ശ്രീധരൻ പിള്ളയ്ക്ക് തിരുസന്നിധിയിൽ സ്വീകരണം നൽകി.

**മെയ് 2**

രാവിലെ 6.00-ന് പട്ടം, തിരുസന്നിധി സെന്റ് ബേസിൽ ചാപ്പലിൽ വച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ വൈദിക വിദ്യാർത്ഥികൾക്ക് മൈനർ ഓർഡേഴ്സ് (ചെറു പട്ടങ്ങൾ) നൽകി.

**മെയ് 4**

വൈകുന്നേരം 4.00-ന് എടത്വാ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും. വചന സന്ദേശം നൽകുകയും ചെയ്തു.

**മെയ് 51**

രാവിലെ 11.00-ന് അടൂർ തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് അനുവിന്റെയും ഷിനോയുടെയും വിവാഹം ആശീർവ്വദിച്ചു.

**മെയ് 7**

രാവിലെ 7.30-ന് ഇടവക തിരുനാളിനോടനുബന്ധിച്ച് ചന്ദനപ്പള്ളി സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി.കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

www.malankaralibrary.com

വൈകുന്നേരം 3.30–ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പുതിയ മെത്രാന്മാരുടെ പേരുകൾ പ്രഖ്യാപിച്ചു.

**മെയ് 8**

രാവിലെ 8.30–ന് നെടുമങ്ങാട് വൈദിക ജില്ലയിലെ നവീകരിച്ച പരുത്തിക്കുഴി ഹോളി ഫാമിലി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം ആശീർവ്വദിച്ചു.

വൈകുന്നേരം 4.00–ന് പാളയം, സമാധാന രാജ്ഞി ബസലിക്കാ ദൈവാലയത്തിന്റെ നവതിയോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

**മെയ് 9**

രാവിലെ 6.30–ന് ആരോൺ ബിനു കാലായിലിന്റെയും അന്ന ബിനു കാലായിലിന്റെയും ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് അരമന സെന്റ് ബേസിൽ ചാപ്പലിൽ വിശുദ്ധ ബലി അർപ്പിച്ചു.

രാവിലെ 11.00–ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് അക്ഷയ്‌യുടെയും സ്നേഹയുടെയും വിവാഹം ആശീർവ്വദിച്ചു.

വൈകുന്നേരം 3.30–ന് പിരപ്പൻകോട് സെന്റ് ജോൺസ് മെഡിക്കൽ വില്ലേജിൽ വച്ച് രാജ്യസഭ പുതിയ എം.പി. ശ്രീ. എ. എ. റഹീമിന് നൽകിയ സ്വീകരണ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

**മെയ് 10**

രാവിലെ 6.30–ന് കുടപ്പനകുന്ന് ഡി.എം. ജനറലേറ്റിൽ വച്ച് നൊവിഷ്യേറ്റ് ആരംഭത്തിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

11.00–ന് അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ പുതുതായി പണിത ചാപ്പൽ ആശീർവ്വദിച്ചു. പ്രിൻസിപ്പലായിരുന്ന ജോൺസൺ പുതുവേലിൽ അച്ചന്റെ യാത്രയയപ്പ് ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു

വൈകുന്നേരം 3.30–ന് പട്ടം മേജർ ആർച്ച് ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന മെത്രാഭിഷേക ഒരുക്കങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രാഥമിക ആലോചനാ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

www.malankaralibrary.com

**മെയ് 11**

രാവിലെ 8.30-ന് കബർ ചാപ്പൽ നവീകരണം പ്രാർത്ഥനയോടെ ആരംഭിച്ചു.

രാവിലെ 11.00-ന് മണ്ണന്തല ദൈവാലയത്തിൽ എം.സി.വൈ.എം. തിരുവനന്തപുരം വൈദിക ജില്ലാ പ്രസിഡന്റ് സിജോ ജോസഫിന്റെയും അപർണ്ണ ജോയിയുടെയും വിവാഹം ആശീർവ്വദിച്ചു.

ഉച്ചയ്ക്ക് 1.30-ന് അരമന ചാപ്പലിൽ വച്ച് നടന്ന മലങ്കര കാത്തലിക്ക് മദേഴ്സ് ഫോറത്തിന്റെ (M.C.M.F) പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയിൽ അദ്ധ്യക്ഷത വഹിച്ചു.

**മെയ് 12**

രാവിലെ 11.00-ന് മാർ ഈവാനിയോസ് കോളേജിൽ വച്ച് നടന്ന ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

**മെയ് 13**

പുലർച്ചെ 3.00 ന് റോമിലേക്ക് യാത്രതിരിച്ചു.

**മെയ് 14**

വാഴ്ത്തപ്പെട്ട ദൈവസഹായം പിള്ളയുടെ വിശുദ്ധ നാമകരണ നടപടികൾക്കു മുന്നോടിയായി റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്കായിൽ വച്ച് നടന്ന ആഘോഷമായ സന്ധ്യാപ്രാർത്ഥനയിൽ (Holy Vespers) പങ്കെടുത്തു.

**മെയ് 15**

വത്തിക്കാനിൽ വച്ച് നടന്ന ദൈവസഹായം പിള്ളയുടെ വിശുദ്ധ നാമകരണ ചടങ്ങിൽ പങ്കെടുത്തു.

www.malankaralibrary.com

## ജന്മദിനാശംസകൾ

### ജൂൺ 2022

08 – റവ. ഫാ. അനുജോസ് കുന്നിൽ
14 – റവ. ഫാ. അൽഫോൻസ് പൊയ്കവിള
15 – റവ. ഫാ. ജെയ്സൺ താഴതിൽ
19 – റവ. ഫാ. ആന്റണി വയലിക്കരോട്ട്
20 – റവ. ഫാ. തോമസ് മണ്ണിക്കരോട്ട്
22 – റവ. ഫാ. ജോസ് വാലുപറമ്പിൽ
22 – റൈറ്റ്. റവ. മോൺ. ജോൺസൺ കൈമലയിൽ
25 – റവ. ഫാ. മാത്യു ചാർത്താക്കുഴി
25 – റവ. ഫാ. ജോർജ്ജ് താന്നിമൂട്ടിൽ
29 – വെരി. റവ. ഫാ. ജോസ് കിഴക്കേടത്ത്

## പ്രാർത്ഥനയിൽ ഓർക്കാം

### ജൂൺ 2022

01 – റവ. ഫാ. ലൂക്കോസ് മണ്ണിക്കരോട്ട്
02 – റവ. ഫാ. ജേക്കബ് കിളന്നമണ്ണിൽ
02 – റവ. ഫാ. ഫിലിപ്പോസ് മേടയിൽ
06 – റവ. ഫാ. തോമസ് അയിരുക്കുഴി
06 – റവ. ഫാ. ജേക്കബ് ഞായല്ലൂർ
25 – റവ. ഫാ. ജോഷാ പീടികയിൽ കോർ എപ്പിസ്കോപ്പാ
26 – റവ. ഫാ. ജേക്കബ് മുളപ്പംപള്ളിൽ

www.malankaralibrary.com

# സ്മരണീയ ദിനങ്ങൾ
# 2022 ജൂൺ

| | | |
|---|---|---|
| 1 | ബു | വി. ജസ്റ്റിൻ |
| 4 | ശ | **അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ ഓർമ്മ (2019)** |

## V പെന്തിക്കൊസ്തിക്കാലം

| | | |
|---|---|---|
| 5 | **ഞാ** | **പെന്തിക്കൊസ്തിപ്പെരുന്നാൾ** |
| | | **വികാരി കുർബാന** |
| | | വി. ബോനിഫസ് |
| 8 | ബു | മാർ യാക്കോബ് ശ്ലീഹാ ആദ്യമായി വി. കുർബാന അർപ്പിച്ചതിന്റെ ഓർമ്മ. |
| | | **വി. മറിയം ത്രേസ്യാ** |
| 10 | വെ | സ്വർണ്ണവെള്ളിയാഴ്ച |
| 11 | ശ | **മാർ ബർത്തുൽമായി ശ്ലീഹായും**, മാർ ബർണബാസും |
| | | **മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം (1932)** |
| | | **തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും (1932), തിരുവല്ല ഭദ്രാസനത്തിന്റെയും സ്ഥാപനം (1932)** |
| 12 | **ഞാ** | **പെന്തിക്കൊസ്തിക്കുശേഷം ഒന്നാം ഞായർ** |
| 13 | തി | പാദുവായിലെ വി. അന്തോണിയോസ് |
| 14 | ചൊ | ഏലീശാ നിബിയ |
| 15 | ബു | **വി. ദൈവമാതാവിന്റെ നാമത്തിൽ പ്രഥമ ദൈവാലയം സ്ഥാപിച്ചതിന്റെ ഓർമ്മ** |
| 16 | വ്യാ | **ശ്ലീഹാ നോമ്പാരംഭം** |
| 18 | ശ | **മാർ അപ്രേം മല്പാൻ** |

www.malankaralibrary.com

| | | |
|---|---|---|
| 19 | **ഞാ** | **പെന്തിക്കൊസ്തിക്കുശേഷം രണ്ടാം ഞായർ** |
| | | **മാർ യൂദാ തദ്ദായി ശ്ലീഹാ** |
| 21 | ചൊ | വി. അലോഷ്യസ് ഗോൺസാഗ |
| 24 | വെ | **യോഹന്നാൻ മാംദാനായുടെ ജനനം** |
| | | **ചേപ്പാട്ട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ** |
| | | തിരുഹൃദയത്തിരുന്നാൾ (ലത്തീൻക്രമം) |
| 26 | **ഞാ** | **പെന്തിക്കൊസ്തിക്കുശേഷം മൂന്നാം ഞായർ** |
| 27 | തി | **അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ഓർമ്മ (1956)** |
| 28 | ചൊ | മാർ ഐറേനിയോസ് |
| | | **അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ** |
| 29 | ബു | **മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ** |
| | | **ശ്ലീഹാ നോമ്പുവീടൽ** |
| | | **വികാരി കുർബാന** |
| | | **സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപന ദിനം (1989)** |
| | | **അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും (1998) ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും മെത്രാഭിഷേക വാർഷികം (1998)** |
| | | **അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ** |
| 30 | വ്യാ | **പന്ത്രണ്ടു ശ്ലീഹൻമാർ** |

www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ദൈവവിളി ദിനം 2022

## ദൈവവിളിയ്ക്കുവേണ്ടിയുള്ള
## സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ മെയ് 29-ാം തീയതി ദൈവവിളി ദിനമായി നാം ആചരിക്കുന്നു. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനും പെന്തിക്കൊസ്തി തിരുന്നാളിനും മധ്യത്തിലായിട്ടാണ് ഈ വർഷത്തെ നമ്മുടെ ദൈവവിളിദിനം. കാത്തിരിപ്പുകാലം-വിശുദ്ധ കന്യകാമറിയവും ശിഷ്യന്മാരും ഈ പത്തുദിവസം പരിശുദ്ധാത്മാവിനായി ദാഹിച്ച് പ്രാർത്ഥിച്ച് കാത്തിരിക്കുന്നതുപോലെ ധാരാളം ദൈവവിളികൾ നൽകി സഭയെ സമ്പന്നമാക്കണമെന്ന് നമുക്ക് തീക്ഷണതയോടെ പ്രാർത്ഥിക്കാം.

പിന്നെ അവൻ മലമുകളിലേയ്ക്ക് കയറി, തനിക്കിഷ്ടമുള്ളവരെ അടുത്തേയ്ക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേയ്ക്ക് ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു (മർക്കോ. 3:13-15).

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഈ ലോകത്തിൽ ദൈവഹിതം നിരന്തരം തെരഞ്ഞെടുത്ത് നിറവേറ്റുവാൻ വിളിക്കപ്പെട്ടവനാണ്. "ഞാൻ വന്നിരിക്കുന്നത് എന്റെ ഇഷ്ടം നിറവേറ്റുവാനല്ല. എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുവാനാണ്". ഇതായിരുന്നു ഈ ഭൂമിയിൽ യേശുവിന്റെ ജീവിതതത്വം. ഈ ഭൂമിയിലേക്ക് മനുഷ്യനായി പിറന്നുവീഴുന്ന ഓരോ

www.malankaralibrary.com

വ്യക്തിയിലൂടെയും ദൈവത്തിന് നിറവേറ്റാൻ ഒരു ദൗത്യമുണ്ട്. ഈ ദൗത്യം തിരിച്ചറിയുക എന്നത് അർത്ഥപൂർണമായ ജീവിതത്തിന് അത്യന്താപേഷിതമാണ്. ദൈവവിളി ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്നിലൂടെ ഈ ലോകത്തിൽ പൂർത്തിയാക്കേണ്ട ഒരു ദൈവഹിതമുണ്ട് എന്ന സത്യത്തെപ്പറ്റിയാണ്. കുടുംബജീവിതത്തിലേക്കുള്ള വിളി സ്വീകരിക്കുന്നവർ തങ്ങളിലൂടെ ഈ ലോകത്തിൽ ദൈവം ചെയ്യാനാഗ്രഹിക്കുന്ന കാര്യങ്ങൾ എന്തെന്ന് ധ്യാനപൂർവം തിരിച്ചറിയേണ്ടതുണ്ട്. ചിലരെ ദൈവം സമർപ്പണ ജീവിതത്തിലേക്കാണ് വിളിച്ചിരിക്കുന്നത്. സമ്പൂർണമായ സമർപ്പണത്തിലൂടെ അവരുടെ ജീവിതങ്ങളെ ദൈവം അനേകരുടെ നന്മയ്ക്കും രക്ഷയ്ക്കുമായി ഉപയോഗിക്കുന്നു. ഇത്തരം ശ്രേഷ്ഠമായ വിളികൾ അതീവശ്രദ്ധയോടെ കണ്ടെത്തുകയും പരിരക്ഷിക്കുകയും വളർത്തുകയും ചെയ്യേണ്ടതുണ്ട്. ചെറിയ പ്രായത്തിൽതന്നെ ഹൃദയങ്ങൾ മലിനമാക്കപ്പെടുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ദൈവികമായ കുടുംബാന്തരീക്ഷത്തിൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾപോലും സൗഹൃദങ്ങളിലൂടെ തിന്മയിലേക്ക്, അശുദ്ധിയിലേക്ക് വഴുതിവീഴുന്നു. ഇപ്രകാരമുള്ള ലോകത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ദൈവവിളികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക മാതാപിതാക്കളുടെയും ഗുരുഭൂതരുടെയും മതാധ്യാപകരുടെയും സമർപ്പിതരുടെയും കടമയാണ്.

ഏതൊരു കുട്ടിയുടെയും പ്രാഥമിക നിലപാടുകളെയും തീരുമാനങ്ങളെയും രൂപപ്പെടുത്തുന്നത് കുടുംബമാണ്. പരസ്പരസ്നേഹവും ദൈവാശ്രയവും അപരസേവനവും ആദ്യമായി കുട്ടികൾ പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്. കുട്ടികളിലെ ദൈവപദ്ധതി തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനും മതാദ്ധ്യപകർക്കും ഗുരുജനങ്ങൾക്കും കടമയുണ്ട്, ഉത്തരവാദിത്വമുണ്ട്. ദൈവവിളിയോട് ക്രിയാത്മകമായി പ്രതികരിക്കാൻ കുട്ടികളെ പഠിപ്പിക്കേണ്ടത് അവരാണ്. തങ്ങളുടെ പെരുമാറ്റംവഴിയും സാക്ഷ്യംവഴിയും ഉദ്ബോധനം വഴിയും കുട്ടികളിൽ നല്ല വ്യക്തിത്വ വളർച്ചയ്ക്കും ആഴമുള്ള ആത്മീയതയ്ക്കും പുരോഹിതരും സന്യസ്തരും പ്രത്യേകമാംവിധം ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവവിളിയെക്കുറിച്ചും അതിന്റെ പ്രത്യുത്തരങ്ങളെക്കുറിച്ചും ഉറക്കെ ചിന്തിക്കുവാനും തുറന്ന് ചർച്ച

www.malankaralibrary.com

ചെയ്യാനുമുള്ള ഒരു വേദി ഒരുക്കികൊടുക്കണം. ദൈവവിളി സംസ്കാരത്തിന്റെ വക്താക്കളാകാൻ സാമൂഹ്യസമ്പർക്ക മാധ്യമ ങ്ങൾക്ക് കഴിയണം. സഭയെയും സഭാമേലധികാരികളെയും പുരോ ഹിതരേയും സന്യസ്തരേയും സഭയുടെ നിലപാടുകളെയും ദുഷി ച്ചുനടത്തുന്ന ഒരു പരിപാടിയിലും ദൈവവിളി പ്രോത്സാഹനം നടക്കില്ല.

ദൈവവിളി പ്രോത്സാഹനത്തിൽ നാം പ്രധാനമായും ശ്രദ്ധി ക്കേണ്ട കാര്യങ്ങൾ:

1. ലൗകിക ചിന്തകൾ പ്രബലപ്പെട്ടിരിക്കുന്ന ഈ കാലത്ത് ലോക ത്തിലെ വിജയവും ഭൗതിക സുഖങ്ങളും മാത്രമാണ് ശ്രേഷ്ഠ മെന്ന് കുട്ടികൾ വിചാരിച്ച് പോകാൻ സാധ്യതയുണ്ട്. അതു കൊണ്ട് പൗരോഹിത്യ ജീവിതത്തിന്റെയും സന്യാസജീവിതത്തി ന്റെയും ശ്രേഷ്ഠതയെപ്പറ്റിയും ആനന്ദത്തെപ്പറ്റിയും നമ്മുടെ കുട്ടി കളോട് മാതാപിതാക്കളും മതാദ്ധ്യാപകരും വൈദികരും സന്യ സ്തരും അല്മായ പ്രേഷിതരും പറയണം. ദൈവവിളി പ്രോത്സാ ഹനം ആദ്യം തുടങ്ങേണ്ടത് ഈ കാര്യത്തിലാണ്. ഇങ്ങനെയുള്ള ചിന്തയും താൽപര്യവുമാണ് ആദ്യം കുട്ടികളുടെ മനസ്സിലേക്ക് കൊടുക്കേണ്ടത്. തന്റെ ദൈവവിളിയെക്കുറിച്ച് ലിസ്യുവിലെ വി. കൊച്ചുത്രേസ്യ പറയുന്നു: 'എന്റെ ദൈവവിളി സ്നേഹമാണ്.' അതുകൊണ്ട് സമർപ്പണജീവിതത്തിന്റെ ശ്രേഷ്ഠത പങ്കുവയ്ക്ക പ്പെടണം.
2. ദൈവവിളി പ്രോത്സാഹനം ഒരു ഗണത്തിന്റെ മാത്രം ജോലിയല്ല, അത് സഭ മുഴുവന്റെയും ജോലിയാണ്. ഇതിനായി പ്രാർത്ഥിക്കണം, ശ്രദ്ധിക്കണം, പ്രവർത്തിക്കണം. സഭയിലെ എല്ലാവരും ഈ ദൗത്യത്തിൽ ആത്മാർത്ഥമായും സത്യസന്ധമായും പ്രവർത്തി ക്കേണ്ടതാണ്. ഇക്കാര്യം പണ്ട് എന്നതിനേക്കാൾ ഇന്ന് ഏറ്റം ആവശ്യമാണ്.
3. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കണം. ഈശോ ദൈവവിളിയെ പ്പറ്റി പറയുന്ന സമയത്ത് ആഗ്രഹിക്കുന്നതും പറയുന്നതുമായ കാര്യം ദൈവവിളിക്കായി പ്രാർത്ഥിക്കണമെന്നാണ്. 'വിളഭൂമി

www.malankaralibrary.com

യിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ' (മത്താ. 9:38). അതുകൊണ്ട് സഭാസമൂഹം നല്ല ദൈവവിളിക്കായി ആഗ്രഹിക്കണം, പ്രാർത്ഥിക്കണം. ബാക്കി കർത്താവ് ചെയ്യും. മനുഷ്യർക്കാർക്കും ദൈവവിളി ഉണ്ടാക്കാൻ സാദ്ധ്യമല്ല. അത് ദൈവദാനമാണ്. അതുകൊണ്ട് ദൈവവിളിക്കായി ത്യാഗം ചെയ്ത് പ്രാർത്ഥിക്കണം.

4. പുതിയ ദൈവവിളിക്കായി ശ്രമിക്കുന്നത് മാത്രമല്ല നിലവിലുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതും ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമാണ്. ഇടവകയിലെ വൈദികർക്കും സിസ്റ്റേഴ്സിനും വേണ്ടി പ്രാർത്ഥിക്കുകയും അവരെ ബലപ്പെടുത്തുകയും അവരെ പിൻതുണയ്ക്കുകയും അവരുടെ കൂടെ നിൽക്കുകയും ചെയ്യണം. അതും ദൈവവിളി പ്രോത്സാഹനമാണ്. ഇതുകാണുമ്പോൾ അനേകർക്ക് ദൈവവിളി സ്വീകരിക്കാനുള്ള പ്രേരണയും പ്രചോദനവുമാകും.

5. സമർപ്പിത ജീവിത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹനം നടത്തുമ്പോൾ അതിന്റെ അർത്ഥം കുടുംബജീവിതം ഏതെങ്കിലും വിധത്തിൽ സമർപ്പണജീവിതത്തെക്കാൾ മോശമാണെന്നോ താഴെയാണെന്നോ അല്ല, മനുഷ്യർ വളരെ സ്വാഭാവികമായി കുടുംബജീവിതത്തിലേയ്ക്ക് കടന്നുവരുന്നുണ്ട്. എന്നാൽ അത്ര സ്വഭാവികമായി വരുന്നതല്ല സമർപ്പിത ജീവിതത്തിലേയ്ക്കുള്ള വിളി. അതുകൊണ്ട് സമർപ്പിത ജീവിതം കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കുടുംബജീവിതം ഒട്ടും മോശമല്ല, ശ്രേഷ്ഠമാണ്.

6. ദൈവവിളി സ്വീകരിക്കുക എന്നത് ഒരു വിവേചനമാണ്, തിരിച്ചറിവാണ്. പരിശുദ്ധാത്മാവ് കൊടുക്കുന്ന പ്രേരണയിൽ ഒരു യുവാവ്/യുവതി തന്റെ ദൈവവിളി കുടുംബജീവിതത്തിലേക്കാണോ സമർപ്പണജീവിതത്തിലേക്കാണോ എന്ന് തിരിച്ചറിയുന്നു. അതിനനുയോജ്യമായ സാഹചര്യം കുടുംബത്തിലും, ഇടവകയിലും ഉണ്ടാകണം. അത് ഒരുക്കേണ്ടത് എല്ലാവരുടെയും കടമയാണ്.

www.malankaralibrary.com

ദൈവരാജ്യത്തിനുവേണ്ടി സർവ്വവും സമർപ്പിക്കാൻ കൊതിക്കുകയും സമൂഹത്തിനുവേണ്ടി നന്മകൾ ചെയ്ത് കടന്നുപോകണമെന്ന് വാശിപിടിക്കുകയും ചെയ്യുന്നവരുടെ ഹൃദയാഭിലാഷങ്ങളെ കോർത്തിണക്കാൻ ദൈവവിളി പ്രോൽസാഹനമേഖലയ്ക്ക് എന്നത്തേതുപോലെ ഇന്നും സാധിക്കുന്നുണ്ട്.

ദൈവവിളി പ്രോത്സാഹനാർത്ഥം സഭയിൽ ആകമാനവും, സമർപ്പിത സമൂഹങ്ങളിൽ പ്രത്യേകിച്ചും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അത്യഭിവന്ദ്യ കാതോലിക്കാബാവായേയും, അഭിവന്ദ്യ പിതാക്കന്മാരെയും, വൈദികരേയും, സന്യസ്തരേയും, അല്മായ പ്രേഷിതരേയും നന്ദിയോടെ അനുസ്മരിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ പൗരോഹിത്യ-സന്യസ്ത ദൈവവിളികൾകൊണ്ട് സമ്പന്നമാകട്ടെ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കാം. എല്ലാവർക്കും പെന്തിക്കോസ്തി തിരുന്നാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

**✠ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ**
ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ,
പത്തനംതിട്ട ഭദ്രാസനത്തിന്റെ മെത്രാൻ.

16.05.2022
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

---

N.B.: ഈ സർക്കുലർ 2022 മെയ് 29, ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഉചിതമായ മാർഗ്ഗങ്ങളിലൂടെ ജനങ്ങളെ അറിയിക്കുകയും ചെയ്യണം

www.malankaralibrary.com



# ഓർമ്മപ്പെരുന്നാൾ

ആബൂൻ യാക്കോബ് മാർ
തെയോഫിലോസ് മെത്രാപ്പോലീത്താ
(ജൂൺ 27)

# നാമഹേതുക തിരുനാളാശംസകൾ



അഭിവന്ദ്യ തോമസ് മാർ
യൗസേബിയൂസ് മെത്രാപ്പോലീത്താ
(മെയ് 30)



അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ്
മെത്രാപ്പോലീത്താ
(ജൂൺ 28)



അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ്
മെത്രാപ്പോലീത്താ
(ജൂൺ 29)

www.malankaralibrary.com



പൗരോഹിത്യത്തിന്റെ 37 – ാം വർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന
അത്യഭിവന്ദ്യ ബാവാതിരുമേനിക്ക് മേജർ അതിഭദ്രാസനത്തിന്റെ
പ്രാർത്ഥനാമംഗളങ്ങൾ! (11 – 06 – 2022)

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116